# ജീവ
# രേഖകൾ

കെ. ഈശ്വരിഅമ്മ

1533

# ജീവരേഖകൾ.

എം. എസ്സ്. ബുക്ക് ഡിപ്പോ; കൊല്ലം.

# JEEVAREKHAKAL

(Short Biographies)

By

K. EASWARI AMMA

First Edition 1959— Copies 1000
Rights Reserved

*DISTRIBUTORS*

**M. S. BOOK DEPOT**

**QUILON**

N. P. 0—75

# ജീവരേഖകൾ

38408

KOTTAYAM PUBLIC LIBRARY
KOTTAYAM

കെ. ഈശ്വരി അമ്മ.

M08

1. അരവിന്ദഘോഷ്
2. രമാഭായി
3. ദയാനന്ദസരസ്വതി

KOTTAYAM PUBLIC LIBRARY
KOTTAYAM.

# അരവിന്ദഘോഷ്

അടക്കിയാൽ അടങ്ങാത്ത ആവേശത്തോടെ ധൈര്യപൂർവ്വം സമരാങ്കണത്തിലേക്കു പാഞ്ഞെത്തിയ ഒരു പടവാൾ ശാന്തമായ മനോഭാവത്തോടെ മനുഷ്യസ്നേഹവും ആർഷസംസ്കാരവും ഉടലെടുത്ത ഒരു പ്രവാചകനാകുമെന്നു ആരുകണ്ടു !

ധീരനായ ഒരു സ്വാതന്ത്ര്യസമര നേതാവ് — തികഞ്ഞ ദാർശനികൻ - സൗന്ദര്യബോധമുള്ള കലാകാരൻ മായാബന്ധത്തിൽ നിന്നും മനുഷ്യസമുദായത്തെ ഉദ്ധരിക്കുവാൻ വന്ന പ്രവാചകൻ—അങ്ങനെ ഏതു ജീവിത രംഗത്തും സ്വന്തമായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

അദ്ദേഹം വന്നു, ഈശ്വരന്റെ നിയമങ്ങളേയും ആജ്ഞകളേയും അനുസ്സരിച്ചു. ആത്മീയ ശുദ്ധീകരണവും, ആദ്ധ്യാത്മിക ചിന്താസരണിയും, സർവ്വോപരി പരിശുദ്ധ ജീവിതരീതിയും നമ്മേ പഠിപ്പിച്ചു. ധൈര്യപൂർവ്വം സ്വാതന്ത്ര്യസമരം നയിച്ചു കാണിച്ചു, അജയ്യമായ ശക്തി മനുഷ്യനുണ്ടെന്നും ആയുധങ്ങൾ മനുഷ്യ ശക്തിക്കു അതീതമല്ലെന്നും അദ്ദേഹം കാണിച്ചുതന്നു. അതിനു ശേഷം ഋഷീശ്വരനും ത്യാഗിവര്യനുമായ അദ്ദേഹം അല്പകാലം ഏകാന്തതയിൽ കഴിച്ചുകൂട്ടി.

അവസാനം വാടിത്തളർന്നിട്ടില്ലാത്ത ആ ജീവിതം വിധിയുടെ അനിയന്ത്രിതമായ പ്രവാഹത്തിനു വിധേയമായ നമ്മേ,

വിട്ടകന്നു ജാജ്വല്യമാനമായ ഒരു ദിവ്യനക്ഷത്രംപോലെ ഇന്നാ ഭാരതാന്തരീക്ഷത്തിൽ പരിലസിക്കുന്നു.

വിദേശിയ ഭരണത്തിൻെറ ക്രൂരമായഹസ്തങ്ങളിൽപ്പെട്ടു് ഇരുണ്ടമേഘംപോലെ ഭാരതം ആശയററു കഴിയവേയാണു്, സ്വന്തം ജന്മഭൂമിയുടെ ഭാവിഭാഗധേയം സൃഷ്ടിക്കുവാൻ അരവിന്ദൻ 'വംഗദേശത്തു്' ഉദിച്ചതു്.

ആഗസ്റ്റ് പതിനഞ്ചിൻെറ മാഹാത്മ്യം സ്മരണീയമാണു്, ഭാരതം സ്വതന്ത്രമായ ആ മംഗള ദിനത്തിലത്രേ അതിനുവേണ്ടി അരവിന്ദൻ ജന്മം കൊണ്ടതും. 1872– ആഗസ്റ്റ്–15–ാം തീയതി അങ്ങനെ സ്മരണകളുടെ ശ്രേണികളിൽ മങ്ങാതെ നിലകൊള്ളുന്നു,

ശ്രേഷ്ഠതയും മാന്യതയും നിറഞ്ഞ കുടുംബമായിരുന്നു അദ്ദേഹത്തിൻേറതു്. ഇൻഡ്യയിൽ ദേശീയ പ്രബുദ്ധതയുടെ ജനയിതാവെന്നു പരക്കെ അറിയപ്പെട്ടിരുന്ന 'ബാബുനാരായണ ബോസിൻെറ മൂത്തമകളായിരുന്നു അദ്ദേഹത്തിൻെറ അമ്മ. പ്രസിദ്ധ ഡാക്ടറായിരുന്ന 'ബാബു കൃഷ്ണധൻഘോഷ്' ത്രേ പിതാവു്.

അങ്ങനെ ജനനം കൊണ്ടും, പൂർവ്വാജ്ജിത സുകൃതഫലം കൊണ്ടും അരവിന്ദനും ഉന്നത വിദ്യാഭ്യാസം നേടുവാൻ വിഷമമുണ്ടായിരുന്നില്ല.

കഷ്ടിച്ചു ഏഴുവയസ്സുള്ളപ്പോൾ സഹോദരനുമൊത്തു് അരവിന്ദൻ ഇംഗ്ലണ്ടിലേക്കു യാത്രയായി. പത്തൊൻപതാമത്തെ വയസ്സിൽ ഐ. സി. എസ്സ് പരീക്ഷക്കു ചേൎന്നശേഷം അദ്ദേഹം നാട്ടിലേക്കു തിരിച്ചു വന്നു.

വിജയം പൂൎണ്ണമായി നേടുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല,

തിയറി പരീക്ഷയിൽ അദ്ദേഹം വിജയിച്ചു. പക്ഷേ കുതിരസവാരിയിൽ അദ്ദേഹം ദയനീയമായി പരാജയമടഞ്ഞു.

അരവിന്ദനെ ഈ പരാജയം വല്ലാതെ വേദനിപ്പിച്ചു. ഒരു I. C. S. ഓഫിസ്സറുടെ പദവിക്കു അല്പവും താണതല്ലാത്ത വിധം ജീവിതം തുടരുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. വൈസ്പ്രിൻസിപ്പാൾ എന്ന ഉന്നതമായ ജോലി അദ്ദേഹത്തിനു ബറോഡാ കാളേജിൽ ലഭിച്ചു.

# II

അദ്ദേഹത്തിൻെറ വിവാഹം നടന്നു. സുശീലയും കുശലയുമായ ശ്രീ. മൃണാളിനീദേവിയത്രേ അദ്ദേഹത്തിൻെറ പത്നി.

അക്കാലത്തു സാധാരണയായി ഒരു അനാവശ്യ പരിഷ്ക്കാരമുണ്ടായിരുന്നു. പാശ്ചാത്യ വിദ്യാഭ്യാസം കഴിഞ്ഞുവരുന്ന ഭാരതീയർ തനി സായിപ്പന്മാരെപ്പോലെയായിരുന്നു ജീവിക്കുക. സ്വന്തം മാതൃഭാഷ വശമില്ലാത്തപോലെ ഇംഗ്ലീഷു ഭാഷ ഉപയോഗിക്കുന്നതിലാണ്, അന്നു അഭിമാനവും അന്തസ്സും കണ്ടുവന്നതു്. സ്വന്തം മതത്തോടും രാഷ്ട്രത്തോടും അവജ്ഞ. എവിടെ നോക്കിയാലും പോരായ്മമാത്രമാണ് ഈ 'ഇൻഡ്യൻസായിപ്പ്'ന്മാരുടെ ദൃഷ്ടിയിൽപെടുക.

വിദേശീയർ കൊടിയും കെട്ടി; കോട്ടയും കെട്ടി നമ്മെ അടക്കി വാഴുന്ന ആ കാലം —ഇങ്ങിനെയുള്ള കോമാളിവേഷങ്ങൾക്കു ഭാരതീയരെ പ്രേരിപ്പിച്ചതിൽ തെററില്ല. മനുഷ്യൻ പരിസരത്തിൻെറ സൃഷ്ടിയാകുമ്പോഴാണല്ലോ മനുഷ്യത്വം ചിലയവസരങ്ങളിൽ അവനെ വിട്ടുമാറുക.

അങ്ങനെ പാശ്ചാത്യ വിദ്യാഭ്യാസം ഹൈന്ദവ സംസ്ക്കാരത്തെതുരുമ്പിപ്പിക്കുന്ന ആ അവസരത്തിലത്രേ അരവിന്ദൻ ഇംഗ്ലണ്ടിൽ പോയതും വന്നതും. പക്ഷേ അങ്ങനെയുള്ള അനാവശ്യ പരിഷ്കാരങ്ങൾ ഒന്നും തന്നെ അദ്ദേഹത്തിൽ കണ്ടില്ല. സൗമ്യശീലനും ലളിത ഹൃദയനുമായിരുന്നു അദ്ദേഹം. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ വെളിച്ചം ആ സ്വഭാവങ്ങൾക്കു അല്പം കൂടി തെളിച്ചം നൽകി. കഥ മറിച്ചായിരുന്നെങ്കിൽ ആ വ്യക്തിത്വം തന്നെ എങ്ങനെ പരിണമിക്കുമായിരുന്നു !!

ഹൃദയമില്ലാത്ത പാശ്ചാത്യ ഭൗതിക വാദം—അതിന്റെ ആർഭാടത—

കാവിവസ്ത്രം ഭാരതത്തിനു നൽകിയ ആദ്ധ്യാത്മിക വാദം—ഉജ്ജ്വലമായ അതിന്റെ ശക്തി—

ഇവതമ്മിലുള്ള അന്തരം തുലനം ചെയ്തു പഠിക്കുവാൻ വിദേശ ജീവിതം അരവിന്ദനു് ഇടം നൽകി.

അരവിന്ദന്റെ കർമ്മ മണ്ഡലങ്ങൾ വിവിധങ്ങളായിരുന്നു. രാഷ്ട്രീയം, പത്രപ്രവർത്തനം, ഗ്രന്ഥനിർമ്മാണം, വിദ്യാഭ്യാസം സാമുദായികം, എന്നിങ്ങനെയുള്ള ഉന്നത മണ്ഡലങ്ങളിൽ എല്ലാം അദ്ദേഹം തുല്യമായ വ്യക്തിമുദ്ര പതിപ്പിച്ചു. ഭാരതത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി ഒരു അതുല്യശക്തിയായി അദ്ദേഹം മുന്നോട്ടു വന്നു.

ബ്രിട്ടീഷ്കാർ മദം ഇളകി ഭരിക്കുന്ന കാലമാണതു്, കഴ്സൺ പ്രഭു ഭാരതത്തെ പരിഷ്ക്കാരങ്ങളിലൂടെ വാനോളം ഉയർത്തുകയാണു പോലും! കൽക്കട്ടായിലെ മുൻസിപ്പൽ സ്വയം ഭരണം പ്രഭു നിറുത്തി. ബോംബെയിലും പഞ്ചാബിലും ഭൂനയ പരി

ഷ്കരണം കൊണ്ടു് ജനങ്ങളെ ശ്വാസം മുട്ടിച്ചു. മാത്രമോ— “ഇൻഡ്യാക്കാർ അസാന്മാർഗ്ഗികളാണു് അവക്കു്, സത്യമില്ല, നീതിയില്ല.”

കിരാതഭരണം നടത്തി കോഴതീന്ന അവർ മുനിനാടായ ഭാരതത്തിലെ സമാധാനപ്രിയരായ ജനതയെക്കുറിച്ചു ഉച്ചത്തിൽ പ്രഖ്യാപിച്ചു കഴിഞ്ഞു.

ജനങ്ങൾ സംഘടിച്ചു. നിവൎന്നു നിന്നു ജീവിക്കുവാൻ അവർ വെമ്പി. അതിൻെറ നാന്ദിയായി സ്വദേശി പ്രചരണം ഉടലെടുത്തു. വിദേശ സാമാനങ്ങൾ ബഹിഷ്ക്കരിച്ചു കൊണ്ടു് ആ സംഘടിത ജനവിഭാഗം മുന്നേറി.

ബംഗാളിലും പഞ്ചാബിലും ആരംഭിച്ച മുറവിളിയുടെ മാറെറാലി അരവിന്ദനെ ചിന്തിപ്പിച്ചു. സംഭവങ്ങളുടെ വാസ്തവിക പശ്ചാത്തലങ്ങളും ഗതിയുടെ സ്വഭാവവും അദ്ദേഹം പഠിച്ചു. 1905 ഒക്ടോബർ 6—ാം തീയതി അദ്ദേഹം ബംഗാളിലേയ്ക്കു പാഞ്ഞുചെന്നു. അപ്പോഴേയ്ക്കും ബംഗാളിനെ രണ്ടായി വെട്ടിമുറിച്ചുകൊണ്ടുള്ള നിയമം പാസ്സായി കഴിഞ്ഞു. യോഗങ്ങളും ഘോഷയാത്രകളും നിരോധിച്ചു. അരവിന്ദൻെറ പത്രാധിപത്യത്തിൽ വന്ദേമാതരം എന്ന പത്രം ആരംഭിച്ചു. ഏതാനും മാന്യന്മാരുടെ സഹായം ഇതിൻെറ പിന്നിൽ ഉണ്ടായിരുന്നു.

ഗവൺമെൻറു് നടപടികളെ അദ്ദേഹം വിമർശിച്ചു. അനീതികളെ ചെറുത്തു. ഭരണകൂടം അരവിന്ദൻെറ ക്രൂരമ്പുകളേററു് വല്ലാതെഞെട്ടി. ഭാരതത്തിൽ അങ്ങോളമിങ്ങോളം വന്ദേമാതരത്തിൻെറ പ്രതികൾ കണ്ടുതുടങ്ങി.

അദ്ദേഹത്തെ നാഷണലിസ്റ്റ് പാർട്ടി നേതാവായി തെരഞ്ഞെടുക്കപ്പെട്ടു. ഒരു വർഷക്കാലത്തെ പ്രസംഗപരിപാടിയോടെ അദ്ദേഹം സൂററററ്; ബാംബെ തുടങ്ങിയ സ്ഥലങ്ങളിൽ സഞ്ചരിച്ചു. അനിതരസാധാരണമായ അദ്ദേഹത്തിൻെറ വചോധാരയിൽ ജനങ്ങൾ കണ്മനിറതരായി.

സ്വദേശി പ്രസ്ഥാനത്തിൻെറ ഉന്നതനായ ആ നേതാവു അന്നത്തെ വ്യവസ്ഥിതികളെ ആകമാനം ഉടച്ചു വാൎക്കുവാനാണ് ആഗ്രഹിച്ചതു്.

1098 ഏപ്രിൽ 30– സ്മരണീയമായ ഒരു ദിനം. മഹാധീരനായ ആ സമരയോദ്ധാവിൻെറ വഴിത്താര മാറുകയാണ് അന്നു്. അദ്ദേഹത്തിൻെറ ജീവിതത്തിനുണ്ടായ മഹത്തായ പരിവൎത്തനം (നിർഭാഗ്യമോ, ഭാഗ്യമോ) അന്നു സംഭവിച്ചു.

ആലിപ്പൂറിൽ ഒരു ബാംബു പൊട്ടി. ഇൻഡ്യൻ ജനതയുടെമേൽ എന്തു കുററവും സ്ഥാപിച്ചു 'നിയമം' 'നടത്താൻ' മടിയില്ലാത്ത അന്നത്തെ ഭരണമേധാവികൾ അരവിന്ദനെ അറസ്റ്റ് ചെയ്തു. ഒരു വർഷക്കാലത്തോളം അടങ്ങുവാനാവാത്ത ആ ശക്തി പ്രാഭവം ജയിലിനുള്ളിൽ ഒതുങ്ങിക്കഴിഞ്ഞു.

സുപ്രസിദ്ധ അഭിഭാഷകനായിരുന്ന സി. ആർ. ദാസ്സും അരവിന്ദനുവേണ്ടി കേസ്സ് നടത്തി. അദ്ദേഹത്തിൻെറ ധീരമായ വാദത്തിൻെറ ഫലമായി അരവിന്ദൻ നിരപരാധി എന്നു തെളിയപ്പെട്ടു. കോടതിയെ ഞെട്ടിക്കുമാറു് അദ്ദേഹം അന്നു നടത്തിയ ഉജ്ജ്വല പ്രഭാഷണം ആ അന്തരീക്ഷങ്ങളിൽ പ്രതിധ്വനിക്കുന്നുണ്ട്.

"ഈ വാദങ്ങളും തൎക്കങ്ങളും നിരബ്ദതയിൽ ലയിച്ചു ചേരും.

ഈ കലാപങ്ങൾ അവസാനിക്കും. അദ്ദേഹം മരിച്ചു മണ്ണോടു ചേരും. എന്നാലും ജനത അദ്ദേഹത്തെ കാണും—
സ്വരാജ്യ സ്നേഹത്തിൻെറ കവിയായിട്ട്—
ദേശീയതയുടെ പ്രവാചകനായിട്ടു -
മാനവ സമുദായത്തിൻെറ സമുദ്ധാരകനായിട്ട്
അദ്ദേഹത്തിൻെറ ശബ്ദങ്ങൾ പ്രതിധ്വനിക്കും — വീണ്ടും വീണ്ടും പ്രതിധ്വനിക്കും· ഭാരതത്തിൽ മാത്രമല്ല. വളരെവിദൂര സാഗരങ്ങൾക്കും, രാജ്യങ്ങൾക്കും അപ്പുറവും——"

നോക്കു. അഭിമാനപൂർവ്വം ഇൻഡ്യയുടെ പ്രമുഖനായ ആ നേതാവ് — ശ്രീ. സി. ആർ. ദാസ്. മായാത്തലിപികളോടെ അന്നു ഭാരതത്തിൻെറ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ആ പ്രവചനം! ഭാവി ഭാരതത്തിന് തല ഉയർത്തി നിന്ന് അവകാശങ്ങൾ നേടാൻ അതു മാത്രം പോരേ? അതിനു കാരണഭൂതനായ ആ വീര സന്താനത്തിൻെറ മുന്നിൽ മുട്ടുകുത്തുക!

പ്രമുഖനായ ആ രാജ്യസ്നേഹി മനുഷ്യ സ്നേഹിയായതു് ജയിലിൽ വച്ചാണ്. ആലിപ്പൂർ ജയിലിലെ ഏകാന്ത ജീവിതം അദ്ദേഹത്തിൻെറ കണ്ണുതുറപ്പിച്ചു.

ജയിലിലെ ഏകാന്തതയോട് അദ്ദേഹം മല്ലിട്ടതു് ഭഗവത് ഗീതാ പാരായണത്തിലൂടെയാണ്. നിത്യസത്യങ്ങളായ ഗീതാതത്വങ്ങൾ അദ്ദേഹത്തെ ചിന്തിപ്പിച്ചു. അവയുടെ ഉജ്ജ്വലമായ വെളിച്ചത്തിൽ മനുഷ്യ ജീവിതം അദ്ദേഹം കണ്ടറിഞ്ഞു. ഗീതാതത്വങ്ങളെ അനുസരിച്ച് ജീവിക്കുവാൻ അദ്ദേഹം തീർച്ചയാക്കി.

മധുരോദാരമായ മുരളീരവത്തോടെ ധന്യമായ പരിത്യാഗശീലം മനുഷ്യരിൽ വളർത്തുവാൻ ജന്മം പൂണ്ട രാധാകാന്തൻെറ, ശ്രീ കൃഷ്ണൻെറ മോഹന രൂപം അദ്ദേഹം ജയിലിൽ കണ്ടു.

പിച്ചി പൂമാല ചാർത്തി പീത വസനവു മണിഞ്ഞു പീലി ക്കാർ കുന്തലും കെട്ടി മന്ദസ്മേര പ്രകാശവുമായി— ആ ദിവ്യരൂ പം അങ്ങനെ നില്ക്കുന്നു.

സ്വപ്നമോ അതോ ഗീതാപാരായണം കൊണ്ടു് അദ്ദേഹം നേടിയ ശാന്തതയുടെ പരിണാമമോ എന്തുമാകട്ടെ അദ്ദേഹമതു വിശ്വസിക്കുന്നു.

മുററത്തു നിന്ന വൃക്ഷത്തിലും ജയിലിലെ ഇരുമ്പഴികളിലും അദ്ദേഹം ശ്രീ കൃഷ്ണനെ ദർശിച്ചു. നിരാശയാൻ കിടക്കുന്ന ജയി ലിലെ പൂഴിമണ്ണിലും കൃഷ്ണൻെറ രൂപമുണ്ടു്. ഭക്തമീരയുടെ മനം കുളർപ്പിച്ച ആ ബാലഗോപാലൻെറ ശീതളമായ തണ ലിലാണു് തൻെറ ജയിൽ ജീവിതമെന്നു അദ്ദേഹം കണ്ടു.

തന്നെ കാത്തു നില്ക്കുന്ന പാറാവുകാരായ പോലീസ്സുകാരുടെ ശരീരത്തിലും, അവരുടെ തല്ലേററു പിടയ്ക്കുന്ന ജീവിയിലും, ഭഗവാൻെറ ചൈതന്യം ഒന്നു പോലെ കളിയാട്ടുന്നതായി അദ്ദേഹം കണ്ടു. പക്ഷേ അതിനു മങ്ങലുണ്ടു് മനുഷ്യൻ മനുഷ്യ നായിരിക്കുമ്പോൾ ചൈതന്യത്തിനു വാട്ടമില്ല. അവൻ മൃഗമായി മാറിയാലോ മൃഗീയത അവിടെ സംഹാര നൃത്തം ചെയ്യും മങ്ങിയ പ്രഭയോടെ ഭഗവത് രൂപംഅവിടെ നില കൊള്ളും. എങ്ങും ഭഗ വാൻെറ ദിവ്യചൈതന്യം അാവിടുന്നു് അനുഭവപ്പെട്ടു.

അദ്ദേഹം ജയിൽ വിമുക്തനായി. ദീർഘമായി നിശ്വസിച്ചു കൊണ്ടു അദ്ദേഹം ഭാവി പരിപാടികൾക്കു രൂപമിട്ടു. അതോടെ അദ്ദേഹത്തിലുണ്ടായിരുന്ന രാഷ്ട്രീയ പ്രവർത്തനം എന്നന്നേക്കു മായി അവസാനിച്ചു.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# III

ഉറച്ച ആത്മനിയന്ത്രണത്തോടെ 1910-ൽ അദ്ദേഹം 'പാണ്ടിച്ചേരി'യിൽ എത്തി.

അന്തേവാസികളുടെ സഹായത്തോടെ ഒരു സ്വച്ഛമായ ആശ്രമം പണിതു. പിന്നീട് അന്ത്യം വരേയും ആ മഹായോഗി ആ ആശ്രമത്തിനുള്ളിൽ താമസിച്ചു.

അങ്ങകലെയുള്ള ആ ആശ്രമത്തിലിരുന്നുകൊണ്ട് ആ യോഗി മനുഷ്യ ജീവിതത്തിനു സാഫല്യം നൽകുകയായിരുന്നു. അധ:പതനത്തിലേക്കു നീങ്ങിയ ഭാരതസംസ്കാരത്തിനും ആത്മീയശക്തികൾക്കും അദ്ദേഹം വെളിച്ചം കാട്ടി. അവയെ സുരക്ഷിതമായ നിലയിലെത്തിച്ചു.

തന്റെ നൂതനാദർശങ്ങൾ ലോകത്തിൽ പ്രചരിപ്പിക്കുവാൻ ഒരു പത്രത്തിന്റെ ആവശ്യമുണ്ട്. അദ്ദേഹം അതു മനസ്സിലാക്കി. അധികം താമസിയാതെ "ആര്യാ" എന്ന പത്രം ആരംഭിച്ചു. അതിലൂടെ അദ്ദേഹം സ്വസന്ദേശം ലോകത്തിനു കാഴ്ചവെച്ചു.

പവിത്രമായ ശാന്തത ആശ്രമ പരിസരത്തിൽ കളിയാടി. നാകീയ സൗഭാഗ്യത്തിന്റെ മംഗളവേദിയായിരുന്നു. അവിടം.

ആശ്രമജീവിതം തികച്ചും സമാധാന പൂൎണ്ണമായിരുന്നു. കഠിനമായ അനുഷ്ഠാനമോ, അദ്ധ്വാനമോ ഉണ്ടായിരുന്നില്ല.

ഈശ്വരനെ പ്രാൎത്ഥിക്കുക. മംഗളകൎമ്മങ്ങൾ അനുഷ്ഠിക്കുക. പുസ്തകപാരായണംചെയ്യുക. ഇവയൊക്കെയായിരുന്നു അവിടുത്തെ പരിപാടികൾ.

ശാന്തമായ മനോഭാവവും ആത്മാൎത്ഥതയും ആശ്രമവാസികളിൽ എപ്പോഴും കാണ്മാനുണ്ടായിരുന്നു.

അരവിന്ദന്റെ ലളിത ജീവിതരീതിയും പുതിയ ആത്മീയ പ്രകാശവും സാഗരത്തിലും അലതല്ലി. കൃതാൎത്ഥതയോടെ സാഗരമാലകൾ ആ ധന്യചരിതം അന്യനാടുകളിൽ ഉണൎത്തിച്ചു.

ഫ്രഞ്ചുകാരിയായ ഒരു മഹിള ആ കഥ കേട്ടറിഞ്ഞു. ഭാരതത്തിനുസിദ്ധിച്ച ആ അത്ഭുത സിദ്ധന്റെ ആദർശങ്ങൾ അവരുടെ ശരീരമാകെ കോരിത്തരിപ്പിച്ചു. അവർ ആകർഷിക്കപ്പെട്ടു. ഇൻഡ്യയിലേക്കുവന്നു.

പാണ്ടിച്ചേരിയിലെ ശാന്തിദായകന്ന ആശ്രമത്തിനുള്ളിലിരുന്നു കൊണ്ടു ലോകക്ഷേമം കൈവരുവാൻ ജീവൻ ബലിയർപ്പിച്ചു; ഈശ്വരധ്യാനത്തിൽ അലിഞ്ഞുചേൎന്ന ആ മഹാത്യാഗിയെ അവർ കണ്ടു: അലൌകികമായ ആ കാന്തി പ്രസരത്തിന്റെ മുന്നിൽ അവർ മുട്ടുകുത്തി.

അവർപിന്നീടു ആ ആശ്രമത്തിൽ താമസിച്ചു. സന്യാസിനിമാരുടെ ലളിതമായ ജീവിതരീതി അവർ കൈക്കൊണ്ടു. അവരെ ആ ആശ്രമത്തിലെ എവരുടെയും മാതാവായി അരവിന്ദൻ അംഗീകരിച്ചു: തീർച്ചയായും മഹിമയുടെ അരുമസന്താനമായിരുന്നു അവർ.

1926—വരെ അരവിന്ദൻ ശിഷ്യരോടിടകലൻ ജീവിച്ചു. അതിനുശേഷം അദ്ദേഹത്തിൻെറ ജീവിതത്തിനു ആകമാനം ഒരു പരിവത്തനം ഉണ്ടായി.

ഏകാന്തത അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടു. കർശനമായ വിധം അതു അദ്ദേഹം കൈകൊണ്ടു. ആർക്കും തന്നെ അതിനു ശേഷം അദ്ദേഹം ദർശനം അരുളിയില്ല.

നിരവധി ആരാധകർ ദർശനത്തിനുവേണ്ടി കാത്തുനിന്നു. അവർ കേണപേക്ഷിച്ചു. മനുഷ്യസ്നേഹത്തിൻെറ സാക്ഷാത്കാരമായ അരവിന്ദൻ അവരുടെ പ്രാത്ഥന സ്വീകരിച്ചു. വർഷം തോറും നാലു ദിവസം അതിനുവേണ്ടി നിശ്ചയിച്ചു. ആ ദിവസങ്ങളിൽ മാത്രം അദ്ദേഹം ആശ്രമപുരോഭാഗത്തു വന്നുനില്ക്കും.

ശക്തിയേറിയ സമുദ്രത്തിൻെറ പ്രവാഹം പോലെ ജനത അങ്ങോട്ടേക്കു ഇരമ്പിക്കയറി. പക്ഷേ വളരെ ചുരുക്കം പേർക്കു മാത്രമേ ദർശന സാഫല്യം ലഭിച്ചുള്ളു.

മുന്നൂറിലധികം ആശ്രമങ്ങൾ ഇന്നു പാണ്ടിച്ചേരിയിലുണ്ട്, നാലായിരത്തോളം ആശ്രമവാസികളും.

ഗോശാല, മലക്കറിത്തോട്ടം, വിദ്യാലയം, പ്രസ്സ് തുടങ്ങിയ വിവിധങ്ങളായ അനേകം പ്രവത്തന രംഗങ്ങൾ അവിടുണ്ട്. കായികപരിശീലനത്തിനും വേണ്ടുന്ന സജ്ജീകരണങ്ങൾ തയാറാക്കിയിട്ടുണ്ട്. ശക്തിയേറിയ ആത്മാവിന് ശക്തിയേറിയ ശരീരം ആവശ്യമാണെന്ന തത്വം അതിൽ നിഴലിച്ചിരിക്കുന്നു.

അരവിന്ദൻ വിശ്വസിച്ചു:—

മനുഷ്യർ ഈശ്വരൻെറ പുത്രന്മാരാണ്, അതുകൊണ്ടു മനു

ഷ്യൻ അന്യോന്യസംബന്ധപ്പെട്ടവരാണ്. എന്ന്.

മതത്തിനൊ തത്വശാസ്ത്രത്തിനൊ മനുഷ്യരെ രക്ഷിക്കുവാൻ കഴിയുകയില്ല. ബുദ്ധിപൂർവ്വം മതത്തെ പരിശോധിക്കണം. വിമർശിക്കണം. ആത്മീയശക്തി വളർത്തണം. എന്നാൽ മാത്രമേ മനുഷ്യന രക്ഷാമാർഗ്ഗമുള്ളൂ. ഇതത്രേ അരവിന്ദൻ പറയുന്നത്.

അദ്ദേഹം നാസിസത്തെ എതിർത്തു. അതു ലോകനന്മയ്ക്കു വിഘാതമാണ്. മനുഷ്യനെ നശിപ്പിക്കുന്ന അസുരശക്തിയാണ് അതെന്നു അദ്ദേഹം പ്രവചിച്ചു.

കൊറിയാൻ പ്രശ്നത്തെ അദ്ദേഹം ബോധപൂർവ്വം പഠിച്ചു. ക്രിപ്സിൻെറ നിർദ്ദേശത്തെ അദ്ദേഹം സൂക്ഷ്മമായി പരിചിന്തനം ചെയ്തു. ഇവയെ കുറിച്ചു അദ്ദേഹം പ്രസ്താവനകൾ പുറപ്പെടുവിച്ചു. വളരെയേറെ ഒച്ചപ്പാടുകൾ ആ പ്രസ്താവനകളെ തുടൎന്നു രംഗ പ്രവേശം ചെയ്തു.

അനവധി ഗ്രന്ഥങ്ങൾ, സാമൂഹ്യവികാസത്തെക്കുറിച്ചുള്ള മാനശാസ്ത്രപരമായ ലേഖനങ്ങൾ, ആകർഷകമായ കവിതകൾ ഇങ്ങനെ അനവധി തൂലികാസംഭാവനകൾ അദ്ദേഹം നമുക്കു തന്നു അവയെല്ലാം അമൂല്യങ്ങളാണ്. ആ അനഘമായ തൂലികാവിലാസങ്ങൾ ഭാവിജനതക്കു അഭിമാനപൂർവ്വം സ്മരിക്കാനും പഠിക്കാനും വകനൽകുന്നു.

ഒരു ദേശഭക്തനായും, ഒരു ഈശ്വരഭക്തനായും അദ്ദേഹം ജീവിച്ചു. പുരാതനമായ ഭാരതീയ രാജാക്കന്മാരുടെ ജീവിതത്തിൻെറ ഒരു പ്രതിഫലനമത്രേ ഇതു്. രാജ്യപാലനത്തിനു ശേഷം സന്യാസം സ്വീകരിച്ചു വനാന്തരങ്ങളിലേക്കുപോകുന്ന അന്നത്തെ രീതിയുടെ നേരിയ പ്രതിനിധാനമാണ് അരവിന്ദനിൽകണ്ടതു്.

ഭാരതത്തിന്റെ ഉന്നതിക്കുവേണ്ടി അദ്ദേഹം ജീവിച്ചു. കഠിനമായ പ്രവൃത്തിയുടേയും യാതനകളുടേയും മായാമുദ്രകൾ പതിഞ്ഞിട്ടുള്ള ഒരു മഹാജീവിതമായിരുന്നു അതു്.

1950 ഡിസംബർ 5—ഭാരതം ഒട്ടാകെ കണ്ണീരിൽ കുളിച്ചു. ശോകമായ ആലാപത്തോടെ പ്രകൃതി കാലത്തോടു പറഞ്ഞു:—

"അരവിന്ദയോഗി സമാധിയായി."

ദുസ്സഹമായ വേദനയോടെ ശിഷ്യന്മാർ ആലസ്യമാന്നു. ഉന്നതന്മാരായ രാഷ്ട്രീയ ചിന്തകർ, അധികാരമുള്ള മന്ത്രിമാർ ഉടുതുണിയില്ലാത്ത ഏഴകൾ—എല്ലാം കനത്ത ശോകത്തോടെ, ആ മഹാത്മാവിന്റെ ഭൗതികാവശിഷ്ടത്തിന്റെ മുന്നിൽ മുട്ടുകുത്തി.

വിവിധങ്ങളായ കർമ്മമണ്ഡലങ്ങളിൽ സ്വവ്യക്തിത്വം കാട്ടിയ ആ ത്യാഗി ആധുനിക ഭാരതത്തിലും, പുരാതന ആശ്രമ പാരമ്പര്യം നശിച്ചിട്ടില്ലെന്നു സ്വജീവിതം കൊണ്ടു കാട്ടിതന്നു.

അദ്ദേഹം ഉന്നതമായ കുടുംബത്തിൽ ജനിച്ചു വളർന്നു, സ്വന്തം നാടിനുവേണ്ടി പൊരുതി; യഥാർത്ഥമായ സൗന്ദര്യബോധം കവിതകളിലൂടെ പ്രദർശിപ്പിച്ചു; ചിന്തകനായി; അവസാനം ഈശ്വരസന്ദേശവാഹകനായി; നിത്യമായ സത്യവും ഗ്രഹിച്ചുകൊണ്ടു് അദൃശ്യതയിൽ ലയിച്ചുചേർന്നു.

വിശ്വമാകെ ചിന്തിപ്പിച്ച ഒരു മഹാസംഭവമാണു് ആ ജീവിതം.

—o—

# രമാഭായി.

മുനിനാടായ ഭാരതത്തിൻെറ ആദ്ധ്യാത്മീക സമ്പത്തു വില മതിക്കത്തക്കതല്ല. കാലങ്ങൾ കഴിയുംതോറും അവയുടെ കാന്തി കൂടുതൽ പ്രശോഭിക്കുന്നു. നശ്വരതയിൽ ഭ്രമിക്കാതെ, ശാശ്വതമായ ജീവിതവിജയത്തിനുവേണ്ടി ഭാരതത്തിലെ മണ്ണ് ജനതയെ ആഹ്വാനംചെയ്യുന്നു.

ലോകചരിത്രത്തിൻെറ ഏടുകളിൽ മായാമുദ്ര പതിപ്പിച്ചിട്ടുള്ള ആ മഹാ ജീവിതങ്ങൾ നമുക്കുനോക്കി കാണാം. അതാ— സ്ത്രീത്വത്തിൻെറ ദിവ്യതയെ ധന്യമാക്കിക്കൊണ്ട്, ആത്മപരിത്യാഗവും സ്നേഹവും ലോകത്തിനു കാട്ടിക്കൊടുത്ത ഒരു ദേവീ സ്മരണയായി അവശേഷിച്ചിരിക്കുന്നു. നമ്മുടെ പുരാണ നായികമാരായ ദ്രൗപതി, ദമയന്തി, സീത മുതലായ സതീമണികളെപ്പോലെ വിശുദ്ധമായ ആദർശത്തോടെ ജീവിച്ച അനേകം മഹതികളുടെ കൂട്ടത്തിൽ ആ ധന്യയും പരിലസിക്കുന്നു. കാലത്തിൻെറ കരുത്തേറിയ ഹസ്തങ്ങൾക്കുപോലും മായിച്ചുകളയുവാനാകാത്തവിധം മായാത്ത പ്രഭാവലയം സൃഷ്ടിച്ചുകൊണ്ട് ശ്രീമതി രമാ റാനഡേയിഡ ഒരു താരം കണക്കു മിന്നുന്നു.

ധന്യമായ ജീവിതം! ശ്രേഷ്ഠമായ ആദർശം!! കർത്തവ്യത്തിൽ നിന്നും ലേശവും ചലിക്കാത്ത ധീരവനിത!! ഭാര്യയുടെ ധർമ്മമെന്തെന്നും, ഒരു സ്ത്രീ ആരാണെന്നും അവളുടെ അബലത്വമില്ലാത്ത സ്ത്രീത്വമെന്തെന്നും അവർ ലോകത്തിനു കാട്ടിക്കൊടുത്തു.

നമുക്കാമഹനീയ ജീവിതത്തിലൂടെ സ്ത്രീത്വമെന്തെന്നു പഠിക്കാം.

ഇന്നേക്കു് ഏറെ വർഷങ്ങൾക്കപ്പുറം അതായതു് 1862—ൽ ആ ദിവ്യജ്യോതിസ്സ് 'സററാറ'യിൽ ഉദയംചെയ്തു. ബോംബേ പ്രസിഡൻസിയിലത്രേ സാററാ. അവിടെ ബ്രാഹ്മണർ അധികം വസിച്ചിരുന്നു. ജനനംകൊണ്ടും, ജീവിതംകൊണ്ടും ബ്രാഹ്മണരായിരുന്നുവെങ്കിലും, രമാഭായിയുടെ പൂർവ്വികബന്ധുക്കൾ സൈനികജീവിതം നയിച്ചിരുന്നു. സ്വഭാവ നിർമ്മലതയും ധൈര്യവും ആ കുടുംബത്തിൻെറ പ്രത്യേകതയായിരുന്നു. രമാഭായിയുടെ അച്ഛനമ്മമാർ സൽഗുണങ്ങളുടെ വിളനിലമായിരുന്നു. ഭക്തിയുടെയും ഔദാര്യത്തിൻെറയും പര്യായമായിരുന്നു അവളുടെ അമ്മ. രാമായണം, ഭാഗവതം, ഗീത തുടങ്ങിയ ആദ്ധ്യാത്മിക ജ്ഞാനം ഉൾക്കൊള്ളുന്ന ഭക്തിമയ ഗ്രന്ഥങ്ങൾ അവർ നിത്യവും പാരായണം ചെയ്യും. ആ സന്ദർഭങ്ങളിൽ തൻെറ സന്താനങ്ങൾ അതു് ശ്രദ്ധിച്ചുകേൾക്കണമെന്നു് അവക്കു് നിർബന്ധവുമുണ്ടായിരുന്നു. തൻെറ സന്താനങ്ങൾ പ്രായമാകുന്നതോടുകൂടി ആദർശപൂർണ്ണമായ ജീവിതം അവരിൽ വേരൂന്നുവാൻ പററിയ മാർഗ്ഗം അതൊന്നുമാത്രമായി അവർ കണ്ടു. ചപലമായ വികാരങ്ങൾക്കും അധർമ്മമായ ജീവിതചര്യകൾക്കും അടിമപ്പെടാതെ

തൻെറ ഓമന സന്താനങ്ങൾ ജീവിതം നയിച്ചുകാണുവാൻ ആ അമ്മ വെമ്പി.

തികച്ചും ശാന്തതയുടെയും സമഭാവനയുടെയും അലൌകീക മായ കേളിയുടെയും, സ്നേഹത്തിൻെറയും, മംഗളവേദിയിലത്രേ രമാഭായി ജീവിച്ചതു്. കുലാചാരമനുസരിച്ചു് വിദ്യാഭ്യാസം അവർക്കു നൽകിയിരുന്നില്ല. പക്ഷെ ജീവിതധർമ്മം എന്തെന്നു് അധന്യ പഠിച്ചു. അച്ഛനിൽനിന്നും പഠിച്ച പാഠങ്ങളും; അമ്മ യിൽനിന്നും മനസ്സിലാക്കിയ ജീവിതരീതികളും അവൾ സശ്രദ്ധം പ്രായോഗികമാക്കുവാൻ ശ്രമിച്ചു.

# II

ശൈശവവിവാഹം നിലവിലിരുന്ന കാലമായിരുന്നു അതു്. കേവലം പന്ത്രണ്ടു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന അവളെ വി ശ്വവിഖ്യാതനായ "മഹാദേവ ഗോവിന്ദറാണഡെ" വിവാഹം കഴിച്ചു. പ്രസിദ്ധികേട്ട നീതിന്യായാധിപൻ; തികഞ്ഞ പണ്ഡിത സാർവ്വഭൗമൻ എന്നീ നിലകളിൽ അദ്ദേഹം പരക്കെ അറിയപ്പെ ട്ടിരുന്നു. രമാഭായിയുടെ ജീവിതത്തിലെ ഏററവും പ്രധാന കർമ്മം അതായിരുന്നു. അക്ഷരാഭ്യാസമോ, ലോകമോ എന്തെന്നു

മനസ്സിലാക്കിയിട്ടില്ലാത്ത ഭാര്യ — എല്ലാവിധ വിജ്ഞാനങ്ങളു
ടെയും കൊടിക്കൂറ വഹിക്കുന്ന ഭർത്താവു് — എന്തൊരന്തരം!

അദൃശ്യമായ വിധിയുടെ ഹസ്തങ്ങൾ അവരെ ഒന്നാക്കി. മല
രും മണവുംപോലെ അവരുടെ ദാമ്പത്യം ധന്യതയും ശാന്തതയും
നിറഞ്ഞതായിരുന്നു.

ഭർത്തൃഗൃഹത്തിലെ അവളുടെ ജീവിതം ആനന്ദപൂർണ്ണമായി
രുന്നു. സഹൃദയനായ ഭർത്താവു് ഭാര്യയുടെ വിദ്യാഭ്യാസത്തിൽ
ശ്രദ്ധ ചെലുത്തി. അദ്ദേഹംതന്നെ ഗുരുപദം വഹിച്ചു. ഈ ഭാര്യാ
ഭർത്താക്കന്മാരുടെ ഗുരുശിഷ്യബന്ധത്തെക്കുറിച്ചു് പലരും പുച്ഛരി
ച്ചു. തികഞ്ഞ അവജ്ഞയോടെ ഭർത്തൃഗൃഹത്തിലെ മററു സ്ത്രീകൾ
അവ വീക്ഷിച്ചു.

ഭർത്താവിനെ പരിചരിക്കുക, ആഹാരസാധനങ്ങൾ പാകം
ചെയ്യുക, സന്താനങ്ങളെ വളർത്തുക, എന്നീ ചുമതലകളല്ലാതെ ഒരു
ഭാര്യയ്ക്കു് മററു യാതൊന്നും ആവശ്യമില്ലെന്നു് അന്നുള്ള സ്ത്രീകൾ
വിശ്വസിച്ചിരുന്നു. എന്നാൽ ആ വക മാമൂലിനെ അല്ലെങ്കിൽ,
കീഴ്നടപ്പിനെ ലേശവും ഉടവു തട്ടാതെ അനുസരിച്ചു
അതേസമയംതന്നെ അവൾ അവളുടെ വിശ്രമസമയം വിജ്ഞാന
വർദ്ധനവിനും ഉപയോഗിച്ചു.

എങ്ങും എതിരിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങി.

പുസ്തകപാരായണംകൊണ്ടു് സ്വഭാവം ദുഷിക്കുവാൻ സാധി
ക്കുമെന്നു് സ്ത്രീകൾ വിശ്വസിച്ചു. രമാഭായി പുസ്തകമെടുക്കുമ്പോ

ഴെല്ലാം ഗൃഹത്തിലെ സ്ത്രീകൾ അവളെ കഠിനമായി നിഷ്കർഷിക്കുവാൻ തുടങ്ങി.

38408

പക്ഷെ ആ വക എതിരുകൾ ഒന്നുംതന്നെ അവർ കൂട്ടാക്കിയില്ല. അഗ്രിമമായ അവളുടെ ഹൃദയാശക്തിവണ്ണി അവർ വീണ്ടും ശ്രമിച്ചു. അവൾക്കു വേണ്ടുന്ന പ്രചോദനം നൽകുവാൻ വിശാലഹൃദയനായ ഭർത്താവും കാത്തുനിന്നു,

അധിക കാലതാമസം കൂടാതെ മറാത്തിഭാഷ ഭംഗിയായി കൈകാര്യം ചെയ്യുവാൻ രമാഭായിക്കു കഴിഞ്ഞു. അവളുടെ അനിതരസാധാരണമായ ബുദ്ധിപാടവത്തിലും കൃത്യനിഷ്ഠയിലും സന്തുഷ്ടനായ ഭർത്താവ് അവളെ ഇംഗ്ലീഷ് അഭ്യസിപ്പിച്ചു

ഭർത്തൃഗൃഹത്തിൽ എങ്ങും ആക്ഷേപാട്ടഹാസങ്ങളും കർശനമായ എതിരുകളും കേട്ടുതുടങ്ങി. ഇംഗ്ലീഷ് അഭ്യസിക്കുന്നതുകൊണ്ട് സ്വമതംപോലും വിട്ടുപോയേക്കുമെന്ന ഭയവും അന്നു ജനങ്ങൾക്കുണ്ടായിരുന്നു. പിന്നെ വിശേഷിച്ച് വീട്ടിനുള്ളിൽ തന്നെ കഴിയുന്ന സ്ത്രീകളുടെ കാര്യം ചിന്തിക്കണോ! അന്തഃപുരത്തിലെ വീർപ്പുമുട്ടിക്കുന്ന കൽഭിത്തികൾക്കപ്പുറം അവർക്കു ലോകമില്ല. സങ്കുചിതമായ ലോകവും മനസ്ഥിതിയും !!.

അവിടെയൊന്നും രമാഭായി കാര്യമായി ഗണിച്ചില്ല. എല്ലാം നിശബ്ദമായി സഹിച്ചു. ഭർത്താവിന്റെ ഇഷ്ടാനുസരണം അവൾ പഠിത്തം മുറയ്ക്കു നടത്തി. എന്തും സഹിച്ച് പഠിത്തം മുടക്കാതെ നടത്തുവാൻ ആ മഹതി തീർച്ചയാക്കി. അങ്ങനെ കുറച്ചു കാലത്തിനുശേഷം ഭംഗിയായി സംസാരിക്കുവാനും എഴുതു

വാനും ഇംഗ്ലീഷിൽ അവരു പ്രവീണത നേടി. പിൽക്കാലത്തു, രമാഭായിയുടെ ഇംഗ്ലീഷ് പ്രസംഗങ്ങൾ ധാരാളം നടക്കുകയു ണ്ടായി.

അവർ അവരുടെ സ്വന്തം ജീവചരിത്രത്തിൽ അവരുടെ ഭർത്താവിൻെറ മഹാസേവനത്തെ കുറിച്ച് പ്രകീർത്തിച്ചിട്ടുണ്ട്. മഹാനായ ആ പണ്ഡിതനായിരുന്നു രമാഭായിയുടെ സർവ്വശ്രേയസ്സി നും മുഖ്യ ഹേതു.

അങ്ങനെയിരിക്കെ ഭർത്താവിനെ നാസ്സിക്കിലേക്കു് സ്ഥലം മാററി. നാസ്സിക്കിലെ അവരുടെ ജീവിതം തികച്ചും ആനന്ദപൂ ർണ്ണമായിരുന്നു. ഭർത്താവെന്യേ തന്നെ ശാസിക്കുവാൻ ആരും അവി ടെയില്ല. ഭർതൃഗൃഹത്തിലെ സ്ത്രീകളുടെ നിരന്തരമായ ശല്യവും തീർന്നിരിക്കുന്നു.

ഒരു നിമിഷംപോലും രമാഭായി ഒരു ജഡ്ജിയുടെ ഭാര്യ യായി ജീവിച്ചില്ല. എളിയ ജീവിതമായിരുന്നു അവർ നയിച്ചതു്. വീട്ടുജോലികൾക്കുശേഷം അവർ പുസ്തക പാരായണം ചെയ്യുവന്നു. ആർഭാടത അവർ ഇഷ്ടപ്പെട്ടില്ല.

ഇങ്ങനെയൊക്കെയാണെങ്കിലും ആ ദമ്പതികളെ കഠിനമാ യി വേദനിപ്പിച്ചുകൊണ്ടിരുന്നു അവരുടെ ദാമ്പത്യത്തിൻെറ സ്മാരകമായി ഒരു കുഞ്ഞില്ല. അവർ വളരെയേറെ വിഷാദിച്ചു. ആ ദുഃഖ പരിഹാരാർത്ഥം അവർ ഒരു ബാലനെയും ഒരു ബാലിക യെയും ദത്തെടുത്തു. രക്തബന്ധമില്ലാത്ത ആ ഓമന കുഞ്ഞുങ്ങളോ ടുള്ള അവരുടെ അധികമായ സ്നേഹം പരജനങ്ങളേയും അതു പോലെ സ്നേഹിക്കുവാൻ പഠിപ്പിച്ചു. നിസ്സഹായരായ ഏഴകൾ

38408

ക്ക് ആ ദമ്പതികൾ രണ്ടു വെള്ളി നക്ഷത്രങ്ങളായിരുന്നു.

ശാന്തമായി, സമാധാനമായി ആ ദാമ്പത്യജീവിതം മുന്നോട്ടു ഒഴുകി. സ്നേഹത്തിന്റെ വിശുദ്ധിയും ആദർശത്തിന്റെ മാഹാത്മ്യവും കർത്തവ്യങ്ങളുടെ പൊന്നൊളി പ്രകാശവും ആ നീണ്ട യാത്രയിൽ അവരെ അനുഗമിച്ചു.

27 വർഷങ്ങൾ അങ്ങനെ കഴിഞ്ഞു. ദുസ്സഹമായ വേദനയോടെ ലോകം അതു നോക്കിനിന്നു. മഹാദേവ ഗോവിന്ദ റാണഡെ ലോകത്തോടു യാത്ര പറഞ്ഞു.

മനുഷ്യൻ ജനിച്ചാൽ മരിക്കും. അതൊരു സത്യംമാത്രം. അതുകൊണ്ടു് ദുഃഖിക്കേണ്ട ആവശ്യമില്ല.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# III

രമാഭായി കണ്ണു തുറന്നു, അവളുടെ ഭാവി ജീവിതത്തിൽ ഒരു പരിവർത്തനം അവൾ ദർശിച്ചു.

ഏകാന്തത അവൾ കൂടുതൽ ഇഷ്ടപ്പെട്ടു. പക്ഷെ ആ ഏകാന്തതയെ ഭഞ്ജിക്കുവാൻ അവരുടെ വളർത്തുപുത്രർ തയ്യാറായി. ആവർ അമ്മയോടു് പിതാവിനെപ്പററി ആരായും. അങ്ങനെയുള്ള മക്കളുടെ പ്രേരണയത്രെ അവരുടെ ജീവിത സ്മരണകൾ എന്ന പ്രസിദ്ധ ഗ്രന്ഥത്തിന്റെ രചനക്കു ഹേതു. രമാഭായിയുടെ ജീവിതത്തിനു് യാഥാർത്ഥ്യം നൽകിയതു് അവരുടെ ഭർത്താവത്രെ.

ലോകം ഉള്ള കാലത്തോളം രമാഭായിയെ സ്മരിക്കും. അത്ര എളുപ്പം മറക്കുവാനാവാത്ത ഒരു മഹാജീവിതമായിരുന്നു അവരുടേതു്. സാർവ്വത്രികമായ മനുഷ്യസ്നേഹത്തിന്റെയും സേവനത്തിന്റെയും സാക്ഷാത്കാരമായിരുന്നു അവർ. അവർ ലോകത്തിനു നൽകിയ ആദർശങ്ങൾ വിലമതിക്കാത്തക്കതല്ല. അവയെല്ലാം ലോകത്തിന്റെ ധവളിമ പൂശിയ ഏടുകളിൽ മായാത്ത ലിപികളോടെ ആ ചന്ദ്രതാരം നിലകൊള്ളും.

അന്നത്തെ ഭാരതം ഇന്നത്തേതിനെക്കാൾ വളരെ വ്യത്യസ്ഥമായിരുന്നു. ഇന്ന് സ്ത്രീകൾ എവിടെയും മുന്നിട്ടുകാണുന്നുണ്ട്. പക്ഷെ അന്ന് അങ്ങനെ ആയിരുന്നില്ല. ദയനീയമായ പിന്നോക്കമായിരുന്നു സ്ത്രീകൾക്കു് അന്നുണ്ടായിരുന്നതു്. നിരാശരായ അനവധി സ്ത്രീകൾ യാതൊരു ഗത്യന്തരവുമില്ലാതെ ദുസ്സഹമായ വിധം നശിച്ചുകൊണ്ടിരുന്നു. വിധവകളുടെ നിസ്സഹായതയും നിർധനകളുടെ ദുരിതവും ആ ത്യാഗശീലയായ രമാഭായിയുടെ ഹൃദയത്തെ വല്ലാതെ മഥിച്ചു.

അവശജന സംരക്ഷണം ആവശ്യമായ ഒരു കൃത്യമായി അവർക്കു തോന്നി. നാനാവിധമായ അവശതയോടെ കഴിഞ്ഞുകൊണ്ടിരുന്ന ഹൈന്ദവ സ്ത്രീകളുടെ ഉന്നതിക്കുവേണ്ടി അവർ അവരുടെ ശിഷ്ടകാലം നീക്കിവച്ചു. വിധവയായ തനിക്കു അതുമാത്രമാണു ഭാവിയിൽ അനുഷ്ഠിക്കേണ്ട സേവനമെന്ന് ആ മഹതി മനസ്സിലാക്കി.

അവരുടെ ഏകമായ പരിശ്രമ ഫലമായി പൂനായിൽ സേവാസദനം എന്ന് ഒരു ആതുരാലയം സ്ഥാപിച്ചു. അതോടെ രമാഭായി റാണഡെയുടെ കീർത്തികന്തളം അയൽ നാട്ടുകളിലേക്കു വ്യാപിച്ചു. ഭാരതത്തിൻെറ നാനാ ഭാഗത്തും പിൽക്കാലത്തു് അതിൻെറ ശാഖകൾ സ്ഥാപിക്കുകയുണ്ടായി.

അനവധി സാധുക്കൾ അതിനുള്ളിൽ സ്വർഗ്ഗീയാനന്ദത്തോടെ കാലം കഴിച്ചു. വേദാന്ത ക്ലാസുകൾ, അക്ഷരാഭ്യാസം തുടങ്ങിയ സാംസ്ക്കാരികപരമായ ഉന്നമനത്തിനും ആ മഹതി പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

സംഗീത സാഹിത്യാദി കലകളിലും വേദാന്താദി തത്വങ്ങളിലും അവർ അവിടെ ആഗതരായ സാധുക്കൾക്കുവേണ്ടി ക്ലാസ്സുകൾ നടത്തി. സ്ത്രീകൾക്കു് സ്ത്രീയുടെ ധർമ്മത്തെയും, ഗൃഹഭരണ തന്ത്രത്തെയും അവർ മനസ്സിലാക്കികൊടുത്തു. ലോകത്തിലെങ്ങുമുള്ള വിജ്ഞാനപ്രദങ്ങളായ ഗ്രന്ഥങ്ങളും, മാസികകളും വഴി സേവാസദനത്തിലെ ജനങ്ങൾ സാമാന്യമായവിധം അറിവു് സമ്പാദിക്കുന്നതിനുവേണ്ടി അവർ വേണ്ടുന്ന സന്നാഹങ്ങൾ ഒരുക്കിയിരുന്നു.

അന്യോന്യം സ്നേഹിക്കുവാനും തെററുകളെ മറക്കുവാനും അവർ ഉപദേശിച്ചു. ദേശീയാഭിമാനം അവരിൽ വളർത്തി. അങ്ങനെ എല്ലാവിധത്തിലും സ്ത്രീകളുടെ ഉയർച്ചക്കുവേണ്ടി രമാഭായി ഉററു ശ്രമിച്ചു. അതിനുവേണ്ടി അവരുടെ ജീവിതം ബലിയർപ്പിച്ചു. രമാഭായിക്കു മുന്നിൽ ഹിന്ദു വനിതകൾ ആരുംതന്നെ പൊതുസേവനത്തിനുവേണ്ടി ഇറങ്ങിയിട്ടില്ല. ഇന്നു് പൊതുസേവനമനുഷ്ഠിക്കുന്ന എല്ലാ വനിതകൾക്കും മാർഗ്ഗദർശനം നൽകിയതു് രമാഭായിയത്രെ.

സേവാസദനത്തോടു ചേർന്നു് ഒരു നഴ്സിംഗ് ഹോമും അവർ സ്ഥാപിച്ചു. അസംഖ്യം നിരാശ്രയരായ രോഗികളെ അവിടെ പ്രവേശിപ്പിച്ചു. സ്വന്തം മക്കളെപ്പോലെ അവരെ രമാഭായി പരിചരിച്ചു. കൊച്ചു കുഞ്ഞുക്കൾക്കു് വാത്സല്യമയിയായ ഒരമ്മയായും മററുള്ളവക്കു് സ്നേഹമേറിയ ഒരു സഹോദരിയായും അവർ നിലകൊണ്ടു. ഉച്ച നീചതത്വങ്ങളോ, അന്ധമായ മതവിശ്വാസമോ, അപ്രശസ്തമായ തരുണീരത്നത്തെ ലേശവും ബാധിച്ചിരുന്നില്ല. ഹൃദയാവർജ്ജകമായ രീതിയിൽ, ഏതൊരു ശോകഹൃദയ

KOTTAYAM PUBLIC LIBRARY KOTTAYAM

ത്തെയും തത്വങ്ങളെകൊണ്ടു് സ്വാന്തനപ്പെടുത്തുവാനും, അവരുടെ കണ്ണീർ കണങ്ങൾ ഒപ്പിയെടുക്കുവാനും, ആ ധന്യയായ ഭാരതത്തിന്റെ അരുമസന്താനം മടിച്ചില്ല. വിധവകളും കന്യകകളുമായ അസംഖ്യം വനിതകൾ അവരുടെ സേവാസദനത്തിൽ സേവനോത്സുകരായി ഒരുമിച്ചുകൂടി. അങ്ങനെ സേവാസദനവും അതിന്റെ ജീവനായ രാമാഭായിയും ലോകരുടെ അഭിനന്ദനത്തിനും അശരണരുടെ ആശ്വാസാരമായും വെൺകൊററകുടചാർത്തി.

സ്ത്രീവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുവാനും, അതിന്റെ സാർവ്വത്രികമായ വിജയത്തിനും വേണ്ടി രമാഭായി കഠിനമായ വിധം പ്രചരണം നടത്തി, ചെറുഗ്രന്ഥങ്ങൾവഴിയും അവരുടെ ആദർശം അന്യരെ അറിയിച്ചു.

അവശതയനുഭവിച്ചു കിടന്ന ഹൈന്ദവസ്ത്രീകളെ സധൈര്യം പിടിച്ചുയർത്തിയതു് ഈ ത്യാഗിനിയായ രമാഭായിയത്രെ.

അണയാത്ത ആ മണിവിളക്കു് സ്വശരീരവും പേറി 63 വർഷം ലോക സേവനം നടത്തി, 1925-ൽ ആ പ്രഭാകന്ദളം പരത്തിയ ആത്മാവു് മണ്ണിനാൽ നിർമ്മിതമായ ശരീരത്തിൽ നിന്നും മുക്തിനേടി.

പക്ഷെ രമാഭായിയുടെ ആത്മീയ ചൈതന്യം ഇന്നും മരിച്ചിട്ടില്ല. മരണമില്ലാത്ത മഹാജ്യോതിസ്സാണതു. ആ മഹതിയുടെ ആദർശോജ്വലമായ ജീവിതം ഭാവിഭാരതത്തിലെ വനിതകളെ സേവനോത്സുകരാക്കിത്തീർക്കട്ടെ ! ത്യാഗതേജോഭിലമായ ഒരു ജീവിതം ഭാരതത്തിനു കാഴ്ചവെച്ചതരുണികളിൽ പ്രമുഖരമാഭായിയത്രെ.

സേവനത്തിനും, ആദർശത്തിനും, മനുഷ്യസ്നേഹത്തിനും വിലമതിക്കാത്ത സ്ത്രീകൾക്കു് രമാഭായിയുടെ ജീവിതം മാർഗ്ഗദീപമായി പരിലസിക്കട്ടെ! ഭാരതത്തിന്റെ ഈ ധീരപുത്രിയെ എന്നും ലോകം കൃതജ്ഞതാപൂർവ്വം സ്മരിക്കും.

—o—

# ദയാനന്ദ സരസ്വതി.

അടുത്തകാലത്തു് ഭാരതത്തിനുണ്ടായ നവോത്ഥാനത്തിനു ഹേതു ആദ്ധ്യാത്മികമാണു്. അനേകവർഷങ്ങൾക്കപ്പുറം മുതൽക്കു തന്നെ ഭാരതത്തിലെ മണ്ണുമായി ഒന്നു ചേർന്ന ആദ്ധ്യാത്മിക ശക്തി അല്പകാലത്തേക്കു ആറിത്തണുത്തിരുന്നു. നിരവധി വർഷങ്ങളിൽ കൂടിമാത്രം ജന്മമെടുക്കുന്ന മനുഷ്യസ്നേഹികൾ ആ തിപന്തത്തെതെളിച്ചുകാട്ടുന്നു.

മങ്ങിക്കിടന്നിരുന്ന ആ ആദ്ധ്യാത്മികനവോത്ഥാനത്തിനു താങ്ങുംതണലുമായി നിന്നതു ദയാനന്ദസരസ്വതിയാണു്. വൈദികഗ്രന്ഥങ്ങളിൽ നിന്നും ആർഷസൂക്തികളെ അദ്ദേഹം വേർതിരിച്ചുകാട്ടി.

വിശ്രമരഹിതമായ ആ ജീവിത സംഭവങ്ങൾ ഒരോന്നായി നോക്കിക്കണ്ടു് നമുക്കു ധന്യതനേടാം.

1823 ലാണ് മൂലശങ്കരൻ ഗുജറാത്തിയിലുള്ള മോർവി എന്ന സ്ഥലത്തു ഭൂജാതനായതു്. കഥാപുരുഷന്റെ പിതാവു് 'അംബാശങ്കരൻ' നല്ലവരുമാനമുള്ള ഭൂവുടമക്കാരനായിരുന്നു. പക്ഷേ ധനത്തിന്റെ പേരിലുള്ള പ്രമത്തത അവർക്കുണ്ടായിരുന്നില്ല, ബ്രാഹ്മണ വംശജരായ അവർ അവരുടെ ശിവപൂജയ്ക്കോ, ബ്രാഹ്മണാചാരങ്ങൾക്കോ ലേശമായിപ്പോലും വ്യത്യാസം വരുത്തിയിട്ടില്ല. അടിയുറച്ച വിശ്വാസവും ആത്മാർത്ഥതയേറിയ ഭക്തിയും അവരെ വിട്ടുമാറിയില്ല.

തന്നെപോലെ തന്നെ മകനും ശിവഭക്തനായി കാണുവാൻ പിതാവു് കൊതിച്ചു. ബ്രാഹ്മണരുടെ ആചാരങ്ങളും മന്ത്രങ്ങളും അദ്ദേഹം അഭ്യസിച്ചു സംസ്കൃതപഠനത്തിൽ അദ്ദേഹം അനന്യാദൃശമായ കഴിവു കാട്ടി.

ശങ്കരനു പതിനാലുവയസ്സു കഴിഞ്ഞു. ആസന്നമാകുന്ന ശിവരാത്രി ദിനത്തെക്കുറിച്ചും, അന്നു ആഘോഷിക്കേണ്ട പരിപാടികളെക്കുറിച്ചും പിതാവു മകനോടു പറഞ്ഞു. അന്നു പൂർണ്ണമായ നിരാഹാരവ്രതത്തോടെ ഭഗവത് വിഗ്രഹത്തെ തന്നെ ധ്യാനിച്ചിരിക്കയും വേണം. ശങ്കരൻ ആ ദിനത്തിനു വേണ്ടി കാത്തിരുന്നു.

ആ ദിനം പുലർന്നു. എല്ലാവരും നിരാഹാരത്തോടെ ഭഗവാനെ ധ്യാനിച്ചു. സന്ധ്യയോടെ അവർ ക്ഷേത്രത്തിലേക്കു പോയി. കർപ്പൂരത്തിന്റെയും സാമ്പ്രാണിക്കുറ്റികളുടെയും സൗരഭ്യം അവിടം വിതുമ്പിനിന്നു. ത്രിമധുരാദിനിവേദ്യങ്ങളുടെ കൊതിയേകുന്ന മണവും അവിടം വാർന്നൊഴുകി.

KOTTAYAM PUBLIC LIBRARY KOTTAYAM

ശാന്തിയും സംതൃപ്തിയുംനൽകുന്ന അന്തരീക്ഷത്തിന് ഉത്തേനം നൽകികൊണ്ടുള്ള ഭജനഗാനങ്ങൾ ഉയൎന്നു. ശംഖനാദം! മണികനാദം!! ഉച്ചത്തിലുള്ള മന്ത്രോച്ചാരണങ്ങൾ!!! അലൌകികമായ ആ രംഗം അപ്രമേയമായ ചൈതന്യത്തെ കൂടുതൽ വിളിച്ചറിയിച്ചു.

മണിക്കൂറുകൾ നീങ്ങി. ഓരോരുത്തരായി നിദ്രയിലേയ്ക്കു തെററിവീണു. ശങ്കരൻ മാത്രം നിന്നിമേഷനായി ശിവലിംഗത്തെ നോക്കിയിരുന്നു.

എവിടെനിന്നോ ഒരു എലിവിഗ്രഹത്തിനു മുകളിൽ കയറിന ചുപാടും നോക്കി. മുന്നിൽ നിരത്തിയിരുന്ന മധുരേംഭര വസ്തുക്കൾ ദർശിച്ചമാത്രയിൽ അതു് ആനന്ദം കൊണ്ടു് നൃത്തമാടി. തന്നാൽ കഴിയുന്നിടത്തോളം ഭക്ഷിച്ചു: യാത്രയായി. വീണ്ടും രണ്ടു മൂന്നു് എലികൾ കൂടിഅവിടം സന്ദർശിച്ചു. വിഭവസമൃദ്ധമായ സൽക്കാരം ആസ്വദിച്ചു.

ദൈവത്തിൻെറ കഴിവില്ലായ്മയിൽ ശങ്കരനു് പരിതാപം തോന്നി. ഒരു എലിയിൽ നിന്നും രക്ഷനേടാൻ ഈശ്വരനു് കഴിറില്ലെങ്കിൽ; വിസ്തൃതമായ ഈ സാമ്രാജ്യം മുഴവനും അദ്ദേഹം എങ്ങനെ രക്ഷിക്കും; ശങ്കരൻെറ വിശ്വാസം ഉലഞ്ഞു. ഉറങ്ങിയിരുന്ന പിതാവിനെ തട്ടിയുണൎത്തി കാരണം ആരാഞ്ഞു. പക്ഷെ നിരാശയാണു് അവിടെ തനിക്കുലഭിച്ചതു്.

അടുത്ത ഒരു സ്ഥലത്തു് നടന്നസംഗീതസദസ്സിൽ ശങ്കരനും പിതാവും സംബന്ധിച്ചിരുന്നു. സംഗീതത്തിൻെറ മാധുരി അവ

രുടെ ഹൃദയത്തെ ആനന്ദതുന്ദിലമാക്കി.

കാളറാബാധിതയായ സഹോദരിയുടെ നിലആശങ്കാജനകമെന്ന് ആരോശങ്കരനെ അറിയിച്ചു. പിതാവും മകനും വീട്ടിലേയ്ക്കോടി.

സഹോദരിമരിച്ചു. വല്ലാത്തവേദന ശങ്കരനെ കീഴടക്കി. ഏകനായി മൗനിയായികുറച്ചു ദിനങ്ങൾ അദ്ദേഹം നയിച്ചു. ജീവിതത്തിൽ ആദ്യമായി കാണുന്നമരണം, അജ്ഞാതമായ ഏതോ സ്ഥലത്തേയ്ക്കു് തന്റെ സഹോദരി പോയിക്കഴിഞ്ഞു.

ദിവസങ്ങൾ അധികം നീങ്ങിയില്ല. തന്റെ പ്രിയപ്പെട്ട മാതുലനെയും അപഹരിച്ചുകൊണ്ടു് കാലം മുന്നോട്ടുപോയി.

ശങ്കരന്റെ ഹൃദയം അസ്വസ്ഥമായി. ഏകാന്തമായ എവിടെയെങ്കിലും പോയിരുന്നു് മരണത്തിന്റെരഹസ്യം എന്തെന്നറിയുവാൻ അദ്ദേഹം ആഗ്രഹിച്ചു. മരണംഉണ്ടെങ്കിൽ ജനനത്തിന്റെ ആവശ്യമില്ല. മരണത്തിലും ജനനത്തിലും അന്തർ ലീനമായിരിക്കുന്ന അജ്ഞാത സത്യം കണ്ടുപിടിക്കാൻ അദ്ദേഹം വെമ്പി.

മകനിൽ കണ്ടപരിവർത്തനം മാതാപിതാക്കളെ കണ്ണീരിൽ ആഴ്ത്തി. അവൻ പുറപ്പെട്ടുപോയാൽ കുടുംബത്തിനുമാനഹാനിയാണ്, ആദ്ധ്യാത്മീകമായ പഠനത്തിൽ നിന്നും മകനെ പിന്തിരിപ്പിക്കുവാൻ അവർകണ്ട ഉപാധി വിവാഹമാണ്.

പക്ഷേ‌അവിടെ സംഭവിച്ചതു് മറിച്ചാണ്. തനിക്കു്കൂടുതൽ അറിവു നേടണമെന്നും ആയതിലേയ്ക്കു സമീപമുള്ള ബ്രാഹ്മണ ഗുരുവിന്റെ ഗൃഹത്തിലേയ്ക്കു് അയയ്ക്കണമെന്നും; വിവാഹം

തനിക്ക് അപ്പോൾ വേണ്ടെന്നും, ശങ്കരൻപിതാവിനെ അറിയിച്ചു. അതുനടന്നു.

പുരാതന ഗുരുകല വിദ്യാഭ്യാസത്തിന്റെ മാന്യതയും ധാന്യതയും ഇന്ന് വെറും സ്വപ്നങ്ങൾ മാത്രമാണ്. നാം ആരും അതറിഞ്ഞിട്ടില്ല.

ശങ്കരൻ ഗുരുവോടൊത്തു താമസിച്ചു. പഠിച്ചു. ഗുരുവിന് പ്രീതിനൽകുന്നതിനുള്ളകഴിവും ശ്രമവും അവനിൻ ഉണ്ടായിരുന്നു.

ഇതുകൊണ്ടും ശങ്കരന്റെ വിജ്ഞാനതൃഷ്ണനശിച്ചില്ല. ഏകാന്തമായി ആരണ്യത്തിൽപോയി തപസ്സനുഷ്ഠിക്കുവാൻ അദ്ദേഹം ആശകാട്ടി.

ഗുരുവിന്റെ ഉപദേശാനുസ്സരണം പിതാവു മകനെ വീട്ടിൽ കൂട്ടികൊണ്ടുപോയി. വിവാഹത്തിനു ഒരുക്കങ്ങൾ ആരംഭിച്ചു. യോജിച്ചവധുവിനെയും കണ്ടുപിടിച്ചു. വിവാഹദിവസവും തീർച്ചപ്പെടുത്തി.

വിവാഹദിവസം പുലർന്നു. പതിവില്ലാത്തവിധം ഉറക്കമുണരാൻ താമസിക്കുന്ന ശങ്കരനെ പിതാവ് ഉറക്കറയിൽപോയി വിളിച്ചു. പക്ഷെഅദ്ദേഹത്തെ ശോകാർത്തനാക്കികൊണ്ട് ശങ്കരൻ എവിടെക്കോ ഒളിച്ചോടികഴിഞ്ഞിരുന്നു. വിവാഹത്തിനു വന്നിരുന്നവർ നിശ്ശബ്ദരായിമടങ്ങി. ജനതാമധ്യത്ത് മാന്യമായപദവിവഹിച്ചിരുന്ന പിതാവിന് മകന്റെ പെരുമാററത്തിൽ തെല്ലൊരു വാട്ടം തട്ടി.

# II

ശങ്കരൻനേരേ വനത്തിലേയ്ക്കുപോയി. വളരെയേറെ വിഷമങ്ങൾ അദ്ദേഹത്തിനുതരണം ചെയ്യേണ്ടിവന്നു. വൈരാഗ്യം നിറഞ്ഞത്യാഗിയെപോലെ അദ്ദേഹം അവയെല്ലാം സഹിച്ചു. വനത്തിൽകണ്ട ഒരുബ്രഹ്മചാരിയെ അനുകരിച്ചു് അദ്ദേഹവും ബ്രഹ്മചര്യവ്രതം ശപഥംചെയ്തു; മഞ്ഞമുണ്ടണിഞ്ഞു; മരയോടമേന്തി.

അടുത്ത സ്ഥലത്തു് ആരംഭിച്ചിട്ടുള്ള ഒരു മഹായോഗത്തിൽ ശങ്കരൻഎത്തിയിട്ടുണ്ടെന്നു് പിതാവിനു് അറിവു കിട്ടി. ഏറെ അനുചാരന്മാരും ഒത്തു് അദ്ദേഹം അങ്ങോട്ടുതിരിച്ചു.

അവിടെ എന്താണു് വാത്സല്യമേറിയ പിതാവു കണ്ടതു്! മഞ്ഞമുണ്ടുമണിഞ്ഞു് ഭിക്ഷുക്കളുടെ മരയോടു് ഏന്തി പ്രതാപവാനായതന്റെ പുത്രനയിൽക്കുന്നു!

കോപം പിതാവിന്റെ ഹൃദയവേദനയെപരാജയപ്പെടുത്തി. ശക്തിയോടെ മകന്റെ കയ്യിനെ ലക്ഷ്യമാക്കി ഒരു തട്ടു് — അതാ ഛിന്നഭിന്നമായി കിടക്കുന്നു ആ മരയോടു്.

മകനേയും കൂട്ടിക്കൊണ്ടു് പിതാവുവീട്ടിലേയ്ക്കു തിരിച്ചു നേരം വളരെ ഇരുട്ടി. ക്ലേശപൂർണ്ണമായ മാർഗ്ഗം. ഭീകരമായ ഇരുട്ടു

വഴിമദ്ധ്യെയുള്ള ഒരു സത്രത്തിൽ അവർ രാത്രിതാമസിച്ചു. മനസ്സിൻെറ വിഷമതയാലും ലഭിച്ചനേരിയ ആശ്വാസത്താലും വഴിനടന്നുള്ളക്ഷീണതയാലും ശങ്കരൻ ഒഴിച്ചു എല്ലാവരും ഉറക്കമാണു. ഒരു പക്ഷെ അതായിരിക്കാം വിധിച്ചിരുന്നതു്.

ശങ്കരൻെറ ചിന്താമണ്ഡലം ബുദ്ധിപൂർവ്വം ചിന്തിച്ചു. തൻെറ കർത്തവ്യം അയാളെ ഉണർത്തി. തൻെറ അന്വേഷണം ഇനിയും പൂർത്തിയായിട്ടില്ലെന്നല്ല ആരംഭിച്ചപോലുമില്ല. അവൻെറ ഹൃദയം മന്ത്രിച്ചു:—

"പോകുക, പോകുക താമസിക്കരുതു്"

ശങ്കരൻ അപ്രമേയമായ ആ പ്രചോദനത്തിനു വഴങ്ങിക്കൊടുത്തു.

നിഷ്ഫലമായ അന്വേഷണത്തിനു ശേഷം നിരാശരായ ആളുകളും പിതാവും തിരിച്ചു പോയി.

എല്ലാവിധലോക ബന്ധങ്ങളിൽ നിന്നും വിമുക്തനായ 'സ്വാമി പൂർണ്ണാനന്ദപരമഹംസ' നെ ശങ്കരൻ ദർശിച്ചു. അദ്ദേഹം ശങ്കരനു് സന്യാസപദം നൽകി, "സ്വാമിദയാനന്ദ സരസ്വതി" എന്നു നാമകരണവും ചെയ്തു.

അങ്ങനെയാണു് ശങ്കരൻ സുപ്രസിദ്ധി ആർജ്ജിച്ച "സ്വാമി ദയാനന്ദ സരസ്വതി" ആയതു്. ഗുരുപാദങ്ങളിൽ കമ്പിട്ടശേഷം

ദയാനന്ദ സ്വാമികൾ തന്റെ തത്വാന്വേഷണയാത്ര ആരംഭിച്ചു.

മനുഷ്യസമുദ്രം ഈയുവസ്വാമിയുടെ സ്വാതന്ത്ര്യിക ഭാവത്തിലും എളിയ ജീവിതത്തിലും അത്ഭുതം പ്രകടിപ്പിച്ചു. സ്വപ്നങ്ങൾ പുളകം പൂശുന്നയൗവ്വനവും മോഹനമായ പദവികളും ത്യജിച്ചിട്ടു കേവലം സന്യാസവൃത്തിയോടെ ജീവിതം നയിക്കുന്നതിൽ ആ മഹാപുരുഷനുണ്ടായ ആന്തരിക പ്രചോദനത്തെ അവർവാഴ്ത്തി. അദ്ദേഹത്തിന്റെ സുഭഗതയിൽ യുവതികൾ കണ്ണു വെച്ചിരിക്കാം പക്ഷെ അവരും ആ പരിവ്രാട്ടിന്റെ മുന്നിൽ മുട്ടുകുത്തി.

കാശി, ബദരിനാഥം, ഋഷികേശം, തുടങ്ങിയ പാവന തീർത്ഥ സ്ഥലങ്ങൾ അദ്ദേഹം സന്ദർശിച്ചു. ഈ സ്ഥലങ്ങളിൽ അദ്ദേഹം പോയതും തന്റെ നീണ്ടയാത്രതുടന്നതും പാദചാരിയായത്രെ. തീർച്ചയായുംഅതു് ഒരു അത്ഭുത സംഭവം തന്നെയാണു്, യാതൊരു ക്ഷീണവും കൂടാതെ ഭാരതംമുഴവനും ചുററി സഞ്ചരിക്കുക; അതും കാൽനടയായി— അഹോ—ആ ധന്യപുരുഷന്റെ ആത്മീയനിയന്ത്രണശക്തി അചിന്തനീയം. അഗ്രിമമായ ഒരേ ഒരു വികാരത്തിന്റെ മുന്നേററമായിരിക്കും ഈ യുവസന്യാസിക്കു് പ്രചോദനം അരുളിയതു്

രാധാകൃഷ്ണന്മാരുടെ രാസക്രീഡയ്ക്കും ഒളിച്ചുകളിക്കും സാക്ഷിനിന്ന യമുന— അവിടെ വച്ചാണു് ശ്രീകൃഷ്ണൻ ഗോപതരുണികളെ ധർമ്മവും സ്നേഹവും പഠിപ്പിച്ചതു്— ആ പുണ്യ നദിയുടെ കരയ്ക്കു് വളരെ അകലത്തല്ലാതെ ഒരു കരുടനായ വൃദ്ധൻ താമസമുണ്ടു്. വേദശാസ്ത്രാദികളിൽ അതിനിപുണനായ അദ്ദേഹത്തി

ന്റെ ഉൾക്കണ്ണുകൾക്കു് ഏതു അദൃശ്യ വസ്തുവിനെയും കാണുവാനുള്ള കഴിവുണ്ട്. "സ്വാമി വൃജാനന്ദൻ" എന്ന ആ മഹാപുരുഷനെ കാണുന്നതു് ധന്യമാണ്——ആരോ ദയാനന്ദനെ അറിയിച്ചു. അദ്ദേഹം അങ്ങോട്ടേയ്ക്കു് യാത്രയായി.

ദയാനന്ദന്റെ ഹൃദയം ആനന്ദം കൊണ്ടു നിറഞ്ഞു. താൻ അന്വേഷിച്ച ഗുരുവിനെ തനിക്കു കിട്ടിയിരിക്കുന്നു! ഉത്തേജനം ലഭിച്ച ഒരു യുവാവിനെ പോലെ അദ്ദേഹം ഗുരുപാദങ്ങളിൽ മുട്ടുകുത്തി

ശിഷ്യന്റെ കളങ്കമേശാത്ത ഹൃദയഗതികളും, ആത്മാർത്ഥത നിറഞ്ഞ പ്രവൃത്തിപഥവും ഗുരുവിനെ സന്തുഷ്ടനാക്കി. ജനനമരണങ്ങളുടെ രഹസ്യവും ജീവിതത്തിൻ സാരവും മനസ്സിലാക്കി കൊണ്ടു് ശിഷ്യനും, ശിഷ്യനുംവേണ്ടി നീക്കിവയ്ക്കപ്പെട്ട സർവ്വവിജ്ഞാനവുമായി ഗുരുവും! —അങ്ങനെ അവർ ഇരുവരും പ്രേമജലധിയിൽ നീരാടിത്തുടിച്ചു.

പൂർണ്ണമനസ്സോടെ ദയനന്ദൻ ആശ്രമകാര്യങ്ങൾ എല്ലാം നിറവേററി. കുരുടനായ ഗുരുവിനുവേണ്ടി എന്തും ചെയ്യുവാൻ അദ്ദേഹം മടിച്ചില്ല. ഉള്ളിൽ ഭള്ളില്ലെങ്കിൽ മനുഷ്യജീവിതം ധന്യമാണ്.

ഉഷസ്സിലെ മൂടൽ മഞ്ഞേററു് മരംപോലും കോച്ചുന്ന വേളയിൽ ദയാനന്ദൻ കുടവുമേന്തി യമുനയിലേയ്ക്കു പോകും. ഗുരുവിന്റെ സ്നാന പൂജാദികൾക്കു വേണ്ടുന്ന ജലം കൊണ്ടുവരും ആശ്രമം വൃത്തിയായി തൂത്തുവാരും, കഴുകി വെടിപ്പാക്കും

അറിവില്ലാതെ വന്നു പോകുന്നതെറ്റുകൾക്കു് ഗുരുനാഥൻ അരുളുന്ന ഏതു ശിക്ഷയും സഹിക്കും.

നാലുവേദങ്ങളും ആറു ശാസ്ത്രങ്ങളും അദ്ദേഹം പഠിച്ചു.

അവിടത്തെ വിദ്യാഭ്യാസം അവസാനിക്കുകയാണു്. മുൻപതിവനുസരിച്ചു് യാത്രവേളയിൽ ഗുരുദക്ഷിണ നൽകണം. ദയാനന്ദൻ വിഷമിച്ചു. തൻെറ കൈയ്യിൽ വിലപിടിപ്പുള്ള സാധനങ്ങൾ വാങ്ങിസമർപ്പിക്കുവാൻ ധനമില്ല. വെറും തുച്ഛമായ ഒരു സംഖ്യമാത്രം കൈയ്യിലുണ്ടു്: പക്ഷെ എന്തിലും സംതൃപ്തിനേടാനുള്ള ഒരു ശക്തി അദ്ദേഹത്തിനുണ്ടു്.

നിസ്സാരമായ തുകകൊണ്ടു് താൻ വാങ്ങിയ എളിയ ഗുരുദക്ഷിണയുമായി ദയാനന്ദൻ ഗുരുപാദങ്ങളിൽ അണഞ്ഞു.

ശിഷ്യൻെറ ഭാവിയിൽ വിശ്വാസം ഉണ്ടായിരുന്നഗുരുശിഷ്യനെ തന്നോടുചേർത്തുനിർത്തി.

"മകനെ"—ഇടറുന്ന കണ്ഠത്തോടെ ഗുരു അരുളി— "നീ —പോക— ഞാൻ ആവശ്യപ്പെടുന്ന ദക്ഷിണയിതല്ല. നീ എന്നിൽ നിന്നും പഠിച്ചതത്വങ്ങൾ ലോകത്തെ അറിയിക്കുക. അജ്ഞാനാന്ധകാരം ലോകത്തിൽ നിന്നും നീക്കം ചെയ്യൂ. കഷ്ടതമനുഷ്യനെ സേവിക്കൂ. ഈ വിധമുള്ള നിൻെറ —മനുഷ്യജന്മത്തോടുള്ള സേവനം നിൻെറ ഗുരുനാഥൻെറ ജീവിതത്തിനു് ധന്യത ചേർക്കട്ടെ"

ഗുരുവിന്റെ അനുഗ്രഹാശിസ്സുകളോടെ ദയാനന്ദൻ വിസ്തൃതമായ ലോകത്തിലേയ്ക്കു് ഇറങ്ങിവന്നു. തന്നിൽ തന്റെ ഗുരു ജ്വലിപ്പിച്ച വിശുദ്ധദീപത്തിന്റെ പവിത്രതയാൎന്ന പ്രകാശത്തിലൂടെ ദയാനന്ദൻ ഭാവിജീവിതം നയിച്ചു.

## III

അപ്പോഴത്തെ ഭാരതീയാന്തരീക്ഷത്തിലേയ്ക്കു് അദ്ദേഹം കണ്ണുചിമ്മിനോക്കി. എങ്ങും അന്ധമായ വിശ്വാസങ്ങൾ — അനീതികൾ — ശൈശവ വിവാഹങ്ങൾ — അങ്ങനെ ദുർഘടമായ പരിസരം — ജനങ്ങൾ നിരവധി ദൈവങ്ങളെ ആരാധിക്കുന്നു — ഹിന്ദുമതം തന്നെ അനേകം ശാഖകളായി മാറിയിരിക്കുന്നു — തീണ്ടൽ, അസമത്വങ്ങൾ പൂൎവ്വസംസ്ക്കാരം മറന്നുള്ള പ്രവൃത്തികൾ — ദയാനന്ദൻ മനുഷ്യരുടെ അധഃപതിച്ച മനസ്ഥിതികണ്ടു് ദുഃഖിച്ചു.

താൻനേടിയ വിജ്ഞാനത്തിന്റെ പ്രകാശത്തിലൂടെ ലോകരെ ഉയൎത്തുവാൻ അദ്ദേഹം ഉററുശ്രമിച്ചു. ഇവിടയാണു് ദയാനന്ദന്റെ ജീവിതം മറെറാരുസരണിയിലേയ്ക്കു മാറിയതു്.

ഹാർഡ്വാറിൽ കുംഭമേള ആഘോഷിക്കുന്നു, ആ മഹായജ്ഞത്തിനു ലക്ഷക്കണക്കിനു് ജനത തടിച്ചു കൂടാറുണ്ടു് തൻെറ പ്രഭാഷണത്തിനു പററിയഅവസരം ഇതാണെന്നു് ദയാനന്ദൻ മനസ്സിലാക്കി,

അദ്ദേഹം അവിടെയ്ക്കു പാഞ്ഞെത്തി. തിങ്ങിനിൽക്കുന്ന മനുഷ്യ മഹാസമുദ്രത്തെ ലക്ഷ്യമാക്കി അദ്ദേഹം ഉച്ചത്തിൽ ഉൽഘോഷിച്ചു:—

"ഏകദൈവത്തിൽ വിശ്വസിക്കുക. കൽ പ്രതിമകളെ ആരാധിക്കാതിരിക്കുക"—

പക്ഷെ അദ്ദേഹത്തെ ഭ്രാന്തൻ എന്നു ചിലർ വിളിച്ചു, അതിൽ അദ്ദേഹത്തിനു നിരാശ ഉണ്ടായില്ല. അനേകം വിഷമതകൾ ഇനിയും തരണം ചെയ്തങ്കിൽ മാത്രമെ പ്രാപ്യസ്ഥാനമെത്തുകയുള്ളു. എന്നു അദ്ദേഹത്തിനറിയാം.

അദ്ദേഹം ഭാരതമൊട്ടാകെ സഞ്ചരിച്ചു. പേരെടുത്ത പണ്ഡിതന്മാരുമായി വാദപ്രതിവാദം നടത്തി. ഏക ദൈവത്തിലുള്ള വിശ്വാസമേ മനുഷ്യനെ ഉയത്തുകയുള്ളു എന്നു് അദ്ദേഹം സ്ഥാപിച്ചു. ബഹുദൈവ പ്രാത്ഥന വ്യാജമാണെന്നും അത്ഥശൂന്യമാണെന്നും അദ്ദേഹം സമർത്ഥിച്ചു.

ആദ്യമെല്ലാം അവർ അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾക്കു് പ്രാധാന്യം നൽകി. പക്ഷെ പൂർവാചാരങ്ങളെ അദ്ദേഹം എതിത്തപ്പോൾ അതു് അവരുടെ മൗലികാവകാശങ്ങളോടുള്ള എതിരാ

KOTTAYAM PUBLIC LIBRARY KOTTAYAM

യി അവർ കണ്ടു. അവർ പരസ്യമായി അദ്ദേഹത്തെ എതിരിടു വാൻ തീർച്ചയാക്കി.

'കാൺവാസ്' എന്ന സ്ഥലത്തുള്ള ഒരു ബ്രാഹ്മണൻ വിഗ്രഹാ രാധനയെ വെറുക്കുക, എന്ന ദയാനന്ദൻെറ തത്വത്തെ അംഗീകരി ക്കുകയും തൻെറ ഗൃഹത്തിലുണ്ടായിരുന്ന വിഗ്രഹങ്ങളെ ആററിൽ എറിയുകയും ചെയ്തു.

ഇതിനെ പ്രതിഷേധിച്ചു് പലരും ദയാനന്ദനെ സമീപിച്ചു. പക്ഷെ അവരെല്ലാം നിരാശരായി പിൻവാങ്ങി.

ദയാനന്ദൻെറ എതിരാളികളായ ബനാറീസ്സിലെ പണ്ഡിത ന്മാർ അദ്ദേഹത്തെ വാദത്തിനു ക്ഷണിച്ചു. കുഴപ്പങ്ങൾ സൃഷ്ടിക്കു വാനുള്ള കളമൊരുക്കലാണ് ആ യോഗത്തിൻെറ ഉദ്ദേശമെന്നു അറിഞ്ഞിരുന്നിട്ടും ധീരനായി ദയാനന്ദൻ അതിൽ പങ്കുകൊള്ളു വാൻ എത്തി. തീവ്രമായ വാദപ്രതിവാദങ്ങൾ ഉടലെടുത്തു. വി ഗ്രഹാരാധന ധ്വംസിച്ചുകൊണ്ടുള്ള ധീരമായ അദ്ദേഹത്തിൻെറ പോരാട്ടത്തിൽ എവരും അമ്പരന്നുപോയി. അദ്ദേഹത്തെ പരാ ജയപ്പെടുത്തുക അസാധ്യമെന്നു് പണ്ഡിതർ മനസ്സിലാക്കി. അ വർ അദ്ദേഹത്തെ ആക്ഷേപിക്കുവാനും ഉപദ്രവിക്കുവാനും മടിച്ചി ല്ല. പക്ഷെ അദ്ദേഹത്തിൻെറ ധീരമായ മനോഭാവം അവരെ കീഴടക്കി, അങ്ങനെ ഹിന്ദുക്കളുടെ പുണ്യഭൂവായ ബനാറീസ്സിൽ അദ്ദേഹം വിജയക്കൊടി നാട്ടി.

ഈ സമയമത്രെ പ്രസിദ്ധ പണ്ഡിതനായ 'മഹാദേവ ഗോ വിന്ദ റാണഡെ'യുമായി ദയാനന്ദൻ പരിചയം നേടിയതു്, സ്വാ

മിജിയുടെ മഹിമയെ ആധാരമാക്കി അദ്ദേഹത്തിന് ഒരു വമ്പിച്ച സ്വീകരണം റാണഡെ നൽകി. ഏതോ കബുദ്ധികൾ കഴുതയെ എഴുന്നെള്ളിച്ച് മഹാനായ ദയാനന്ദനെ അപഹസിച്ചു. ഈ പ്രവൃത്തികണ്ട് മനം ഉരുകി മാപ്പപേക്ഷിച്ച റാണഡെയോട് ശാന്തനായിരിക്കുവാൻ സ്വാമി അരുളിചെയ്തു. ഒരു കാലം ആസന്നമാകുമെന്നും, അന്ന് സത്യം തെളിഞ്ഞുകാണാൻ കഴിയുമെന്നും, റാണഡയോടു പറഞ്ഞു.

പഞ്ചാബിൽ അദ്ദേഹത്തിനു നിരവധി ശിഷ്യരെ നേടുവാൻ കഴിഞ്ഞു. പ്രാരംഭദശയിൽ എതിർത്തുകൊണ്ട് അദ്ദേഹത്തെ കല്ലെറിഞ്ഞു ആക്ഷേപിച്ചവർ പിന്നീട് പശ്ചാത്താപപൂർവ്വം പൂജാകുസുമങ്ങളുമേന്തി അർച്ചിക്കുകയുണ്ടായി.

ഗുജറൻവാലായിലെ ഒരു വൻപിച്ച സദസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട് ദയാനന്ദൻ പ്രസംഗിക്കുകയാണ്. ആരോ അവിവേകികൾ അദ്ദേഹത്തെ ലക്ഷ്യമാക്കി കല്ലെറിഞ്ഞു, മൃദുലമായ നെററിത്തടം പൊട്ടി രക്തം പ്രവഹിച്ചിട്ടും നിശബ്ദനായി നിന്നുകൊണ്ട് അദ്ദേഹം ചോരത്തുള്ളികൾ ഒപ്പുകമാത്രം ചെയ്തു. ആ അനീതിയെ എതിർത്തു ഒററ വാക്കുപോലും ത്യാഗിയായ ആ സ്വാമിയിൽനിന്നും പുറത്തു വന്നില്ല. അദ്ദേഹം തുടന്നു വീണ്ടും പ്രസംഗിച്ചു.

അദ്ദേഹത്തെ വിഷം നൽകി കൊലപ്പെടുത്തുവ സംശ്രമങ്ങ നടക്കാതിരുന്നില്ല. അന്നത്തെ കാലമൊന്നു സ്മരിച്ചുനോക്കുക. ഇൻഡ്യൻ നാഷണൽ കാൺഗ്രസ് ഉടലെടുക്കുന്നതിനു മുമ്പ്— ബ്രിട്ടീഷുകാരുടെ കിരാത വാഴ്ചയിൽ അമന്നു കഴിഞ്ഞ ഒരു

കാലമുണ്ടായിരുന്നുവല്ലോ—അന്നത്തെ ഭാരതം ഇന്നത്തേതല്ല, എവിടെ കുറച്ചു വെളിസ്ഥലമുണ്ടോ; ഉടൻ അവിടെ ഓടിപ്പററി ക്ഷേത്രങ്ങൾ നിർമ്മിക്കുന്ന മനുഷ്യർ—തീണ്ടലും തൊടീലും ഉയന്ന ജാതിക്കാർ എന്നഭിമാനിക്കുന്ന ബ്രാഹ്മണർ ആചരിക്കുന്നു. എത്ര പേരുണ്ടോ അത്രയും ദൈവങ്ങൾ, അത്രയും ജാതികൾ—ദൈവങ്ങൾക്കും ജാതികൾക്കും സുവർണ്ണാവസരം ആയിരുന്നു അന്നു്. വൈദീക പ്രമാണികൾ അട്ടഹാസത്തോടെ വേദങ്ങളും ശാസ്ത്രങ്ങളും അടക്കി വാഴുകയാണു് അന്നു്.

അങ്ങനെയുള്ള അന്നു് ഏകദൈവത്തിൽ വിശ്വസിക്കണമെന്നും വിഗ്രഹാരാധന നിർത്തണമെന്നും പ്രസംഗിച്ചാൽ വല്ല പ്രസക്തിയുമുണ്ടോ?

ദയാനന്ദൻെറ പ്രസംഗവും പരിപാടിയും ബ്രാഹ്മണസമുദായത്തിനു് ക്ഷതമേൽപ്പിച്ചു. ബ്രാഹ്മണ വംശത്തിൽപ്പെട്ട സ്വാമി തന്നെ സ്വമതത്തിന്നു് എതിരായി ശബ്ദമുയർത്തിയപ്പോൾ സമുദായമാകെ കലികൊണ്ടു. അവർ അദ്ദേഹത്തെ ഏതുവിധവും കൊല്ലുവാൻ തീർച്ചയാക്കി.

അലഹബാദ് ഹൈക്കോടതി ജഡ്ജിയായിരുന്ന സർ, സുന്ദരലാലിൻെറ ഭവനത്തിൽ സ്വാമി വിശ്രമിക്കുകയായിരുന്നു.

വിനയത്തോടെ ഒരു ബ്രാഹ്മണൻ കുറച്ചു മധുര പലഹാരവുമായി അവിടെ കയറി ചെന്നു.സ്വാമിയെ വണങ്ങി. തൻെറ എളിയ അർച്ചന സ്വീകരിക്കണമെന്നു് അഭ്യർത്ഥിച്ചു. സ്വാമിയുടെ ന്യൂതനാദർശത്തിൽ തനിക്കും അത്യധികമായ വിശ്വാസമു

ണ്ടെന്നും അറിയിച്ചു.

സുന്ദരലാൽ പാത്രത്തിലിരുന്ന പലഹാരങ്ങളിൽ ഒരു കഷ്ണം തന്റെ പട്ടിക്കു കൊടുത്തു.

അതു ഭക്ഷിച്ചമാത്രയിൽ അതു ചത്തുവീഴുകയുണ്ടായി. കുപിതനായ ജഡ്ജി അയാളെ പോലീസിലേക്ക് ഏൽപിക്കുവാൻ ശ്രമിച്ചു. പക്ഷെ ദയാനന്ദൻ അദ്ദേഹത്തെ പിൻതിരിപ്പിച്ചു. വേണ്ടുന്നഉപദേശത്തോടെ ആ ബ്രാഹ്മണനെ അദ്ദേഹം തിരിച്ചയച്ചു.

# IV

ജാതിമത ചിന്തകൾക്ക് സ്വാമി അതീതനാണ്. തന്റെ ദൃഷ്ടിയിൽ എളിയവനെയോ പ്രതാപവനെയോ സ്വാമി കണ്ടില്ല. എല്ലാവരേയും ഒന്നുപോലെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു, അദ്ദേഹത്തെ എല്ലാവരും ഇഷ്ടപ്പെട്ടു. താഴ്ന്ന കുടിലുകളിലും ഉന്നതമായ മണിമന്ദിരങ്ങളിലും ഒരേ മനോഭാവത്തോടെ അദ്ദേഹം കയറിചെന്നു. പ്രഭുവിനെയും ഭിക്ഷക്കാരനെയും ഒരുപോലെ കണ്ടു.

എത്രതന്നെ അധഃപതിച്ച ജാതിക്കാരനെങ്കിലും അവൻ സന്തോഷപൂർവ്വം നൽകുന്ന ആഹാരസാധനങ്ങൾ അദ്ദേഹം സ്വീകരിക്കും, ഭക്ഷിക്കും. അതിൽ ഒരു കുറവും അദ്ദേഹം ദർശിച്ചില്ല.

അദ്ദേഹത്തിൻെറ കണ്ണിൽ എല്ലാവരും ദൈവത്തിൻെറ പുത്രന്മാരാണ്, തൻെറ സഹോദരന്മാരാണ്. അവരുടെ എളിയ ജീവിതത്തിൽ അലിഞ്ഞുചേരുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടു.

അനീതിയേയും അധർമ്മത്തേയും അദ്ദേഹം വെറുത്തു. ഉയർന്നവരുടെയും താഴ്ന്നവരുടെയും തെറ്റുകൾ അദ്ദേഹം സ്നേഹപൂർവ്വം തിരുത്തി മനസ്സിലാക്കിക്കൊടുക്കും, വീണ്ടും ആ തെററ് ആവർത്തിക്കാതിരിക്കാൻ അപേക്ഷിക്കും. ജോഡ്പൂർ മഹാരാജാവിനെയും അദ്ദേഹം നേർവഴിക്കു നയിച്ചു.

ജീവിതം വളരുകയാണ്, കാലം മുന്നോട്ടു നീങ്ങുകയാണ്.

കത്തിയെരിഞ്ഞ ആ പന്തം അണയുകയാണ്; വീണ്ടും ജ്വലിക്കുവാൻ വേണ്ടി.

ശോകമൂകമായ ആ സംഭവം നടന്നു, ജനിക്കുക; മരിക്കുക; എന്ന തത്വത്തിന് പ്രഭാവനായ ആ തത്വജ്ഞാനിയും കീഴടങ്ങി.

1883 ഒക്ടോബർ 30—ലജ്ജാവഹമായ ആ ദുർദിനവും പുലന്നു.

ജോഡ്പൂർ മഹാരാജാവിനെ അദ്ദേഹം നേർവഴിക്കു നയിച്ചു എന്നു പറഞ്ഞുവല്ലോ. അതാണ് ഈ ദുരന്ത സംഭവത്തിനു് ഹേതു.

ജോഡ്പൂർ മഹാരാജാവിനു് ഒരു ദൂഷിച്ച കൂട്ടുകെട്ടു് ഉണ്ടായിരുന്നു. നീതിയും ന്യായവും നടത്താൻ കടമപ്പെട്ട രാജാവു് അതിനു വിപരീതമായ കൂട്ടുകെട്ടിൽ ജീവിക്കുന്നതു് സ്വാമിക്കു ഇഷ്ടമായില്ല. സ്വാമിയുടെ ഉപദേശപ്രകാരം മാനസാന്തരം വന്ന രാജാവു് തന്റെ കൂട്ടുകാരെ യാത്രയാക്കി.

കുപിതരായ കൂട്ടുകാർ സ്വാമിയുടെ അരിവെയ്പുകാരനായ ജഗന്നാഥനെ സമീപിച്ചു. ധാരാളം നാണയം അയാളുടെ മുമ്പിൽ വാരി വിതറി. ആ നാണയത്തിൽ മതിമയങ്ങിയ ഭൃത്യൻ അവരുടെ ആജ്ഞ ശിരസ്സാ വഹിച്ചു.

നേരം പ്രഭാതമായി.

ജഗന്നാഥൻ പഞ്ചസാരയുമൊത്തു് പൊടിയാക്കപ്പെട്ട കുപ്പിച്ചില്ലുകളും ചേർത്തു സ്വാമിക്കു പാലു നൽകി.

സ്വാമി അതു വാങ്ങിച്ചു കുടിച്ചു. നിമിഷങ്ങൾ കുറച്ചു നീങ്ങി—സ്വാമിയുടെ വയററിനുള്ളിൽ വല്ലാത്ത വേദന—ഭീകരമായ ആ വേദനയിലൂടെ അദ്ദേഹം കാര്യമെല്ലാം ഗ്രഹിച്ചുകഴിഞ്ഞു— സ്നേഹശീതളമായ ആ ഹൃദയം ജഗന്നാഥന്റെ ചെയ്തികളിൽ രോഷാകുലനായില്ല. അദ്ദേഹം ഭൃത്യനെ വിളിച്ചു.

ദേവവചനംപോലെ അദ്ദേഹം പറഞ്ഞു:—

..ജഗന്നാഥ; ഇതു വേണ്ടായിരുന്നു—ഞാൻ നിന്നെ ഉപദ്രവിച്ചിട്ടില്ല—പറയൂ—അങ്ങിനെ ഒരു സംഭവം ഉണ്ടായിട്ടുണ്ടോ— ഒരു കാലത്തു് നീ പശ്ചാത്തപിക്കും—ജഗന്നാഥാ ഇപ്പോൾ നീ എവിടെയെങ്കിലും പോയി രക്ഷ നേടിക്കൊള്ളൂ ഇവിടെ നി

38408

ന്നാൽ നിനക്കു് ആപത്താണു്. എൻെറ അവസാനസമയം അടുത്തുകഴിഞ്ഞു—നീ ആ പെട്ടിയിലുള്ള പണം എടുത്തുകൊള്ളൂ. വേഗം എവിടെയെങ്കിലും പോകൂ. ഉം വേഗം.''

ഒരു മനുഷ്യയന്ത്രത്തെപ്പോലെ ഭൃത്യൻ അനുസരിച്ചു.

ഡാക്ടർമാർ അവരുടെ എല്ലാ കഴിവുകളും പരിശോധിച്ചു. എല്ലാം വിഫലമാവുകയാണുണ്ടായതു്.

നിരവധി ഭക്തരും ആരാധകരും മരണശയ്യയിൽ ചുററിനിന്നു. അവർ നിമിഷങ്ങൾ എണ്ണുകയാണു്. അടക്കുവാനാകാത്ത വേദന അവരെ കീഴടക്കി.

ശാന്തനായി; പൂർവ്വവൽ ഉന്മേഷവാനായി ഈശ്വരനാമോച്ചാരണത്തോടെ ദിവ്യമായ അദ്ദേഹത്തിൻെറ ആത്മാവു് ലോകത്തിലെ ഇരുളടഞ്ഞ മേഘങ്ങളിൽനിന്നും വെൺമേഘത്തുണ്ടുകളിലേയ്ക്കു പറന്നു.

വിശ്രമരഹിതമായിരുന്ന ആ ജീവിതം നീണ്ട വിശ്രമം നേടി.

സമസൃഷ്ടിസ്നേഹം, ആപത്തിൽ അന്യരെ സഹായിക്കുക എന്നിങ്ങനെയുള്ള മനുഷ്യത്വത്തിൻെറ ഉന്നതമായ സീമയിൽ അദ്ദേഹം വെന്നിക്കൊടി നാട്ടി. തെററുകളെ സ്വയം തിരുത്തുവാനും അന്യരുടെ തെററിനെ പറഞ്ഞുകൊടുത്തു തിരുത്തുവാനും അവർ കഴിയുന്നതു ശ്രമിച്ചു.

തൻെറ ജീവിതാന്ത്യം തൻെറ ആശ്രയത്തിൽ കഴിയുന്ന ഭൃത്യൻെറ വഞ്ചനയുടെ ഫലമാണെന്നറിഞ്ഞിട്ടും സ്നേഹപൂർവ്വം

ക്ഷമിച്ച് അവന് ധനവും നൽകി രക്ഷാമാർഗ്ഗം ഉപയോഗിക്കുകയായിരുന്നു; ആ മനുഷ്യസ്നേഹത്തിന്റെ മൂർത്തിമത്ഭാവം. മഹാ ത്യാഗം; ഉജ്ജ്വലമായ ആദർശം!!

ഏതൊരു മഹാന്റെയും ജീവിതാന്ത്യം ഈ വിധമുള്ള ദുരന്തത്തിലൂടെ സംഭവിക്കുവാനാണ് അപ്രമേയമായ പ്രപഞ്ചശക്തി ആഗ്രഹിച്ചിട്ടുള്ളത്. ക്രിസ്തുവും ഗാന്ധിജിയും അതിന് സാക്ഷ്യം വഹിക്കുന്നു.

ദയാനന്ദ സരസ്വതി മരിച്ചു. മണ്ണുകൊണ്ടുള്ള ആ ശരീരം വീണ്ടും ലോകം കാണുകയില്ല. പക്ഷെ അദ്ദേഹത്തിൽ ഉൾക്കൊള്ളുന്ന മഹത്വമോ?......

അതിന് നാശമില്ല. കൂടുതൽ ശോഭിക്കുകയാണ്; തലമുറ കഴിയുന്തോറും. ഭാരതീയ വൈദീക ഗ്രന്ഥങ്ങളിലെ ഇരുണ്ട വശങ്ങളെയും അതിലെ അനാവശ്യ നിയമങ്ങളെയും നീക്കംചെയ്ത് ആർഷഭാരതത്തിന്റെ നവോത്ഥാനത്തിന് പ്രേരകമായ തത്വസംഹിതകളെയും ദിവ്യസൂക്തങ്ങളെയും അദ്ദേഹം വേർതിരിച്ചു കാട്ടി.

ലോകം ആഗ്രഹിച്ചിരുന്ന ആ മഹാകൃത്യം അദ്ദേഹം നിറവേററി.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M08 *Acc. No.* 38408

This book should be returned on or before the date last stamped below.

൯൦൪ 3൪40൪

ഈശ്വരി അമ്മ. കെ.

ജീവരേഖകൾ




Indic Digital Archive Foundation
gpura.org